# സാഹിത്യവും സന്മാർഗ്ഗവും

ടി. കെ. പി. മേവണ്ണൂർ

എസ്. എച്ച്. ലീഗ്

# എസ്. എച്ച്. ലീഗ്

Annual Subscription 1 Re.
Single Copy 20 nP.

പുസ്തകം 45 ജൂലൈ 1964 ലക്കം 7

ആനുകാലികവിഷയങ്ങളെ
അധുനാതനരീതിയിൽ വിശകലനംചെയ്യുന്ന
ഒരു പ്രസിദ്ധീകരണം

SACRED HEART PROVINCIAL LIBRARY
No ... ... ...

10337

**(Established in 1920)**

*Published from the*
Sacred Heart League,
**ALWAYE NORTH,**
**KERALA.**

ARYA PALACKAL JEEVASSKEN
LIBRARY
ALUVA

## About 'S. H. League'

1. *A doctrinal periodical published in Malayalam.*
2. *Each issue is a scholarly exposition of a single subject.*
3. *Subjects selected are of various interests: mostly socio-religious, theologico-philosophical.*
4. *Annual subscription is only 1 Re.*

Order from — The Secretary,
'S. H. League',
Alwaye North,
**KERALA.**

m/174
MEV

## About this issue

*Man does things; but he does not merely do them; he does them beautifully. This is the genesis of what we call art. Art is the beautiful expression of the ideal through the real or through the material. Every man has ideas and ideals, and every man is an artist, at least a potential one. But the more important and oft-forgotten truth is that every artist is a man, with all the duties of man towards God, morality, etc. . . So art cannot replace God or religion. Neither can it threaten to upset morality, for the artist is a citizen of the moral universe. Art must certainly deal with life, if at all there is to be any life in it, if at all it should be alive! And it must be in the service of life. As you turn over the pages, you will meet God and His Creation, artist and his works, morality and its freedom, religion and its openness, and many things besides; not however as isolated concepts but as an integrated artistic whole.*

# സാഹിത്യവും സന്മാർഗ്ഗവും

[സാഹത്യത്തിൽ സന്മാഗ്ഗമോ?— മലയാളത്തിലെ മുൻപന്തിക്കാരായ സാഹിത്യകാരന്മാരൊക്കെ ഇന്നും ·സംശയിക്കുന്ന ഒരു കാര്യമാണിതു്. സമ്പൂണ്ണമാവണോ സാഹിത്യവിമർശനം, അവശ്യം, ധമ്മശാസ്ത്രപരമായ ദർശനകോണംകൂടി കണക്കിലെടുത്തു വിധിതീർപ്പു നടത്തണം. പക്ഷേ, സന്മാർഗ്ഗത്തിനു സാഹിത്യത്തിലുള്ള സ്ഥാനത്തെപ്പറ്റി ഇവിടത്തെ പ്രത്യുൽഗമനീയരായ സാഹിത്യവിമർശകർപോലും ഇന്നുവരെ ഉറക്കെ ശബ്ദിച്ചിട്ടില്ലെന്നതാണു ദീനമായ പരമാത്ഥം. അവിടവടക്കാനുള്ള, സമഗ്രമല്ലെങ്കിലും സമത്ഥമായ ശ്രമമാണിച്ചെറുഗ്രന്ഥം. സാഹിത്യോപാസനയുടെ ലക്ഷ്യം, സന്മാഗ്ഗത്തിനതിലുള്ള സ്ഥാനം, തിന്മയുടെ ചിത്രീകരണം, കലാകാരന്റെ കത്തവ്യം, വിമർശകർ സ്വീകരിക്കേണ്ട മാനദണ്ഡം തുടങ്ങി സാഹിത്യപ്രതിഷ്ഠങ്ങളായ ഒട്ടേറെ കാര്യങ്ങൾ ശരിക്കുപോലരിച്ചു പഠിച്ച ലേഖകൻ അയത്നലളിതമായ ഭാഷയിൽ അതാവിഷ്കരിച്ചിരിക്കുന്നു. പ.]

## പശ്ചാത്തലം

“ഇതാ ഒരു കാലം. അതിനു മതത്തിൽ വിശ്വാസമില്ല, സദാചാരങ്ങളെസ്സംബന്ധിച്ചു ഒരു തോതുമില്ല; രാജ്യതന്ത്രത്തിൽ ഉറച്ച വിശ്വാസങ്ങളില്ല; കലയിൽ അതിനു മൂല്യങ്ങളില്ല. ഇങ്ങനെ തോതുകളോ മൂല്യങ്ങളോ ഇല്ലാതിരുന്നിട്ടുള്ള ഒരു കാലഘട്ടം നമ്മെ കടന്നുപോയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു....” (1)

---

(1). C. E. M. JOAD, *Philosophy for Our Times* p. 24.

രോഗഗ്രസ്തയായ ഇന്നിന്റെ ക്ഷീണപ്രായങ്ങളായ നാഡിയിടിപ്പുകളെ സശ്രദ്ധം പരിശോധിച്ച്, ഇത്ര വ്യക്തവും വസ്തുനിഷ്ഠവുമായ അഭിപ്രായം പുറപ്പെടുവിച്ച വിദഗ്ദ്ധഭിഷഗ്വരൻ ചിന്തകനായ സി. ഇ. എം. ജോഡുതന്നെയാണ്. ഇന്നത്തെ കലാവ്യാപാരത്തിൽ കാണുന്ന കരിഞ്ചന്തയും കള്ളത്തരങ്ങളും കണക്കിലെടുക്കുമ്പോൾ ജോഡിനോടൊപ്പം, സാഹിത്യത്തിലെ സംസ്കാരത്തകർച്ചയെപ്പററി പരിദേവനം ചെയ്യാതെ തരമില്ല. "സംസ്കാരം വാരാന്ത്യപ്പതിപ്പുകളിലെ സംസ്കാരമായി തരംതാണിരിക്കുന്നു. കലകളുടെ ഊർജ്ജസ്വലതയും ആവേശവും അമ്പേ കളഞ്ഞുകുളിച്ചിരിക്കുന്നു...."(1) സാഹിത്യസദനങ്ങളിൽനിന്നു മൂല്യങ്ങളും മാനദണ്ഡങ്ങളും ഗളഹസ്തം ചെയ്യപ്പെട്ടുകയാണ്. സാഹിത്യവേദിയിലെ അരാജകത്വത്തിന്റെ കുഴലൂത്തുകാരായ അശ്ലീലസാഹിത്യകാരന്മാരുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചുവരുകയാണ്.

ഈ അരാജകത്വത്തിന്റെ ആഘാതം അനുഭവപ്പെട്ടാൻ തുടങ്ങിയിട്ട് അധികമായിട്ടില്ല. മനുഷ്യമനസ്സിനെ മരവിപ്പിച്ച രണ്ടു മഹായുദ്ധങ്ങളും പദാർത്ഥശാസ്ത്രത്തിന്റെ ത്വരിതപുരോഗതിയുമാണീ അപഭ്രംശംഭവിച്ച പ്രവണതകൾക്കു കളമൊരുക്കിയത്. യുദ്ധത്തിന്റെ തിക്തഫലങ്ങൾ മനുഷ്യഹൃദയത്തിന്റെ നിർമ്മലഭാവങ്ങളെ ഗ്രസിച്ചുകളഞ്ഞു. പോർക്കളത്തിൽ കുന്നുകൂട്ടിയ ശവശരീരങ്ങളിൽ ശാശ്വതികതയുടെ അടയാളങ്ങളൊന്നും അഹങ്കാരാന്ധരായവർ കണ്ടില്ല. അവരുടെ ഈ ചിന്താഗതി സാഹിത്യത്തിൽ നൂതനഭാവങ്ങൾ കൈക്കൊണ്ടു.

ശാസ്ത്രലോകത്തിലേ പഞ്ചേന്ദ്രിയജ്ഞാതങ്ങളായ യാഥാർത്ഥ്യങ്ങൾക്കുമാത്രം അസ്തിത്വം അനുവദിക്കുന്ന പ്രവണത

---

(1) സമീക്ഷ. 4, p. 70. 1963

വളൎന്നുപൊങ്ങി. മനുഷ്യന്റെ ഉൽകൃഷ്ടശക്തികൾക്ക് അസ്തിത്വം നിഷേധിക്കപ്പെട്ടു. മതവും സന്മാർഗ്ഗവും ചീന്തിയെറിയപ്പെട്ടു. "വംശോല്പത്തി''യിൽ (origion of Species) ക്കൂടി സംസാരിക്കുന്ന ഡാർവിന്റെ വാക്കുകൾ ബൈബിളിന്റെ പ്രഥമാദ്ധ്യായത്തിൽക്കൂടി സംസാരിക്കുന്ന ദൈവത്തിന്റെ വാക്കുകളേക്കാൾ വിശ്വസനീയമായി ലോകത്തിനു തോന്നി. വൃത്തികെട്ടമായ കുറേ കാമചോദനകളുടെ വെറുമൊരു കീറമാറാപ്പാണു ഫ്രോയിഡുകണ്ട മനുഷ്യൻ. സ്വിൻബേൺ, ഗാൽസുവർത്തി, സോള, ഫ്ളാബൊ, വെൽസ്, ജീ. ബി. ഷാ, ഹെമിങ്ങ്‌വേ, ഡി. എച്ച്. ലോറൻസ്, മാർഷൽ പ്രൂസ്റ്റ് തുടങ്ങി തലയെടുപ്പുള്ള അനേകം സാഹിത്യകാരന്മാരെ ഈ നവീനശാസ്ത്രം സ്വാധീനിച്ചിട്ടുണ്ട്.

പടിഞ്ഞാറു ശക്തിപ്രാപിച്ച ഈ പ്രവണതകൾ നമ്മുടെ കേരളത്തിൽ വളൎന്നുവന്നിട്ടുള്ള 'ഓടസാഹിത്യത്തിലും 'തെരുവുസാഹിത്യത്തിലും' മററും കാണാം. "വാളെടുത്തവരൊക്കെ വെളിച്ചപ്പാടു'' തുള്ളുന്ന കാഴ്ചയാണു മലയാളസാഹിത്യത്തിലിന്നുള്ളത്. സാഹിത്യകാരനു് എന്തും പറയാൻ അവകാശമുണ്ടെന്നു തോന്നിപ്പോകും, നമ്മുടെ ചില കൃതികൾ കണ്ടാൽ. തിന്മയെ നന്മയായും നന്മയെ തിന്മയായും പ്രദർശിപ്പിക്കുന്ന 'മാസ്റ്റർപീസുകൾക്ക്'' ഇന്നു പഞ്ഞമില്ല. അസാന്മാർഗ്ഗികത നിറഞ്ഞുനില്ക്കുന്ന കൃതികൾ ഉത്തമസാഹിത്യസൃഷ്ടികളാണോ? സന്മാർഗ്ഗനിയമങ്ങൾക്കു സാഹിത്യത്തിൽ സ്ഥാനമുണ്ടോ?

## രണ്ടു ചേരികൾ

സാഹിത്യത്തിലെ സന്മാർഗ്ഗപ്രശ്നം ധർമ്മതത്വശാസ്ത്രവിചക്ഷണരുടേയും കലാനിർമ്മാണപ്രവീണരുടേയും ഇടയിൽ ഒരു വലിയ വിടവു സൃഷ്ടിച്ചിട്ടുണ്ട്— ഒരു ചേരിതിരിവുണ്ടാ

ക്കിയിട്ടുണ്ടു്. പണ്ടൊക്കെ ധർമ്മതത്വശാസ്ത്രകാരൻ പറയുന്നതുപോലെ സാഹിത്യകാരൻ ചെയ്യുമായിരുന്നു. ഇന്നാകട്ടെ മനോഭാവങ്ങൾ ആകെ മാറിയിരിക്കുകയാണു്. ധർമ്മതത്വശാസ്ത്രജ്ഞരുടെ ചേരിയിൽ സാഹിത്യകാരന്മാരും അണിനിരന്നിട്ടുണ്ടു്. വാശിപിടിച്ച ഒരു വടംവലിയാണു് ഈ ചേരികൾ തമ്മിൽ ഇന്നു സാഹിത്യലോകത്തു നടക്കുന്നതെന്നു് ആധുനികഫ്രഞ്ചുനോവലെഴുത്തുകാരനായ ഫ്രാൻസ്വാ മോറിയാക്ക് പറയുന്നു. (1) ഇവർതമ്മിലുള്ള ഒത്തുതീപ്പു് അനതിവിദൂരമായ ഭാവിയിൽ സംഭവിക്കുകയില്ലെന്നാണു സുപ്രസിദ്ധ സാഹിത്യകാരനായ എറിക്കു്ഗിൽ പറയുന്നതു്(2)

ഡാൻേറയും മിൽട്ടണും ഷെല്ലിയും ബൈറണും തങ്ങൾ കവിതയെഴുതുന്നതു നിലവിലിരിക്കുന്ന ധാർമ്മികാനുശാസനങ്ങളെ നവീകരിക്കുന്നതിനാണെന്നു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. മെരഡിത്തും ഹാസ്ലിററും മാത്യു അർനോൾഡും എല്ലാം സാഹിത്യത്തിൽ സന്മാർഗ്ഗം അവശ്യാവശ്യകമാണെന്നു സമ്മതിച്ചിട്ടുമുണ്ടു്. എന്നാൽ, ഡി. എച്ച്. ലോറൻസും ഹെമിങ്ങ്വേയും ഷായും വെൽസും സാഹിത്യത്തിൽ സന്മാർഗ്ഗം പാടില്ല എന്നു വാദിക്കുന്നു. കലയിൽ സന്മാർഗ്ഗം അവശ്യമില്ലെന്നു തന്നെയല്ല, ധർമ്മതത്വശാസ്ത്രമണ്ഡലത്തിനു വെളിയിലാണു കലയെന്നുവരെ ചില കലാകാരന്മാർ പറഞ്ഞുതുടങ്ങിയിട്ടുണ്ടു്. അവക്കു കൃതിയുടെ ധാർമ്മികനിലവാരത്തെക്കുറിച്ചു തെല്ലും വിചാരമില്ല. 'അവക്കു തോന്നിയതുകൊണ്ടു്, തോന്നിയതുപോലെ എഴുതി. വായനക്കാക്കു മനസ്സുണ്ടെങ്കിൽ വായിച്ചാൽ മതി.' കേരളത്തിലെ ഒരു എണ്ണപ്പെട്ട എഴുത്തുകാരൻ ഈയിടെ ഈ മനോഭാവം വ്യക്തമായി പ്രകടിപ്പിച്ചിട്ടുണ്ടു്. "ഞാൻ ഒരു നാടക

---

(1)Cfr, FRANCOIS MAURIAC, *God and Mammon* p. 47.
(2) Cfr ERIC GILL, *Beauty looks after hershlf*, p. 29

മോ നോവലോ കഥയോ എഴുതണം എന്ന ഉദ്ദേശത്തോടുകൂടെയല്ല എഴുതിയതു്. എനിക്കുണ്ടായ അനുഭവം പകർത്തി. അത്രതന്നെ." (1) നിരൂപകരേയും ധാർമ്മികനിയമങ്ങളേയും വെല്ലുവിളിച്ചുകൊണ്ടു് അദ്ദേഹം അട്ടഹസിച്ചു.... "ഞങ്ങൾക്കു തോന്നുന്ന രീതിയിൽ എഴുതും." 'ഈശ്വരൻ ഇറങ്ങിവന്നു കല്പിച്ചാൽപ്പോലും ഞങ്ങൾ അനുസരിക്കാൻ തയ്യാറില്ല' എന്നു്. സാഹിത്യത്തിൽ സന്മാർഗ്ഗം നാസ്തി എന്നാണിവരിപ്പറയുന്നതിന്റെയൊക്കെ രത്നച്ചുരുക്കം. ഇവരുടെ വാദഗതിയിൽ പരമാർത്ഥമുണ്ടോ എന്നു നമുക്കു പരിശോധിക്കാം.

## സാഹിത്യനിർമ്മാണവും ധാർമ്മികതയും

സാഹിത്യനിർമ്മാണാത്മകമായ പ്രവൃത്തി ധാർമ്മികമണ്ഡലത്തിനു പുറത്തോ അകത്തോ? കലാകവനവ്യാപാരത്തെ ചെറുതായൊന്നു് അപഗ്രഥിച്ചു നമുക്കു് ഉത്തരം കണ്ടുപിടിക്കുവാൻ ശ്രമിക്കാം.

മനുഷ്യന്റെ വില കുറിക്കുന്നതു് അവന്റെ പ്രവൃത്തികളുടെ (Acts) ഗുണദോഷനിരൂപണം നടത്തിയിട്ടാണു്. മനുഷ്യനിൽ രണ്ടുതരം പ്രവൃത്തികളുണ്ടെന്നു ധർമ്മശാസ്ത്രം പറയുന്നു. നമുക്കവയെ മാനുഷികപ്രവൃത്തി (Actus humanus) കളെന്നും മനുഷ്യപ്രവൃത്തി (Actus hominis) കളെന്നും വിളിക്കാം. മനുഷ്യപ്രവൃത്തികൾ മനുഷ്യർക്കും മൃഗങ്ങൾക്കും പൊതുവായുള്ളതാണു്: ശ്വസിക്കുക, ഉറങ്ങുക മുതലായവ. മനഃസ്വാതന്ത്ര്യവും അറിവുംകൂടാതെയുള്ള പ്രവൃത്തി

---

(1) പി. കേശവദേവ്, എൻ. ബി. എസ്സ്. ബുള്ളറ്റിൻ p. 23 1964 ജനുവരി Vol. xi No. 7.

കളാകയാൽ ഇവ സാധാരണമായി ധൎമ്മശാസ്ത്രാനുശാസനങ്ങൾക്കു വെളിയിലാണ്. അതിൽത്തന്നെ, അവ സാന്മാൎഗ്ഗികമോ അസാന്മാൎഗ്ഗികമോ അല്ലെന്നു സാരം.

പൂൎണ്ണമായ അറിവോടും സമ്മതത്തോടുംകൂടെ ചെയ്യുന്ന പ്രവൃത്തികളെ മാനുഷികപ്രവൃത്തികളെന്നു വിളിക്കുന്നു. ഈ പ്രവൃത്തികൾ മനുഷ്യന്റെ അന്തഃസത്തയുടെ പ്രതിഫലനമെന്നവണ്ണം അത്ര അഭേദ്യമായി മാനുഷികത്വത്തോടു സംയോജിച്ചിരിക്കുന്നതിനാലത്രേ ഇങ്ങനെ വിളിക്കുന്നത്. "ധാൎമ്മികം" എന്ന പദത്തിന്റെ സമവ്യാപ്തിതന്നെ 'മാനുഷികം' എന്നപദത്തിനു കിട്ടിയിട്ടുണ്ട്. ഒരു പ്രവൃത്തിയെ മാനുഷികമാക്കുന്നത് അറിവും മനഃസ്വാതന്ത്ര്യവുമാണ്. പ്രവൃത്തിചെയ്യുന്നതിനു മുൻപുള്ള അറിവാണ് ആവശ്യം. തന്മൂലം അതിനെ മുന്നറിവു (Prescience) എന്നു വിളിക്കുന്നത് ഉചിതമായിരിക്കും. അറിയാത്ത ഒന്നിനെ ആഗ്രഹിക്കയില്ല. ആഗ്രഹിക്കാതെ യാതൊന്നും ചെയ്യുകയുമില്ല. ഏതു പ്രവൃത്തിയുടേയും തലയ്ക്കൽ നില്ക്കുന്ന ഘടകമാണ് അറിവ്.

അറിവിന്റെ അംശംമാത്രം ഒരു പ്രവൃത്തിയെ മാനുഷികമാക്കുകയില്ല. അറിഞ്ഞതിനെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ധാൎമ്മികതയുടെ അവശ്യഘടകമാണ്. പൂൎണ്ണമായ ഓരോ മാനുഷികപ്രവൃത്തിയിലും സ്വാതന്ത്ര്യത്തിന്റെ വ്യക്തിമുദ്രയായ സ്വീകരണനിരാകരണങ്ങളുടെ— ത്യാജ്യഗ്രാഹ്യവിവേചനങ്ങളുടെ— വ്യക്തമായ അടയാളങ്ങൾ കാണാം. ഒരു പ്രവൃത്തി പൂൎത്തിയാകുമ്പോൾ മനസ്സു സ്വതന്ത്രസ്വീകാരങ്ങളുടേയോ നിരാകരണങ്ങളുടേയോ പല പടികൾ പിന്നിട്ടിരിക്കും. ഇത് ആധുനികമനഃശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ധൎമ്മശാസ്ത്രം വിശദീകരിച്ചുകാണിക്കുന്ന വസ്തുതയാണ്. ഒരു പ്രവൃത്തി പൂൎത്തിയാകുമ്പോൾ സ്വതന്ത്രേച്ഛ ഇപ്രകാരമുള്ള പന്ത്രണ്ടുപടികൾ കടന്നുപോകേണ്ടതുണ്ടെന്നു പ്രസിദ്ധ ധൎമ്മശാസ്ത്രകാ

LIBRARY 10337

രനായ എ. ഗാർഡിൽ (A. Gardial) പറയുന്നു. മനുഷ്യ ന്റെ സ്വതന്ത്രപ്രവൃത്തികളുടെ കർത്തൃത്വം മനുഷ്യനുതന്നെ യാണു്. സ്വതന്ത്രപ്രവൃത്തികളാണെപ്പോഴും മാനുഷികപ്ര വൃത്തികൾ. യാദൃശ്ചികമായി മിന്നിപ്പൊലിയുന്ന മിന്നൽപ്പി ണർപോലെയല്ല അതു്; നിന്നുകത്തുന്ന ദീപശിഖപോലെ യാണു്.

സാഹിത്യം സാന്മാർഗ്ഗികമണ്ഡലത്തിനു പുറത്താണോ എന്നു പരിശോധിക്കുകയാണു നാമിവിടെ. സാഹിത്യനിർമ്മാ ണം ഒരു പ്രവൃത്തി (Act)യാണെന്ന കാര്യം ആരെങ്കിലും നി ഷേധിക്കുമെന്നു തോന്നുന്നില്ല. അതൊരു മനുഷ്യപ്രവൃത്തി (Actus Hominis) യല്ലെന്നു തീർച്ച. ഓരോ കൃതിയും അ തിനു തെളിവാണു്. ഏതെങ്കിലുമൊരുതരത്തിലുള്ള ക്രമീക രണം ഓരോ കൃതിയിലും കാണുന്നുണ്ടു്. എന്തു് എഴുതിയാ ലും അതു "കവിത"യാണെന്നു നാം പറയുകയില്ല. എഴുതുന്ന തെന്തും സാഹിത്യകൃതിയാണെന്നും ആരും സമ്മതിച്ചുകൊ ടുക്കാറില്ല. പിന്നെ എപ്പോഴാണു് ഒരു കവനശകലത്തെ നാം കലാസൃഷ്ടിയായി കണക്കാക്കുന്നതു്?—അതു് അനുഭൂതിയുടെ ഭാവസമുൽഭാവമായിരിക്കുമ്പോൾ. അനുഭൂതിയെ ആവി ഷ്കരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ടു്. ചിലതു തള്ളണം. ചിലതു കൊള്ളണം. ഈ ത്യാജ്യഗ്രാഹ്യങ്ങളുടെ ഫലമായി ഒരു പ്രത്യേകക്രമം (order) സംജാതമാകുന്നു. ക്രമമാകട്ടെ ബുദ്ധിയുടെ പ്രവർത്തനമാകുന്നു. ബുദ്ധിയോ അറിവിന്റെ ഉ പകരണവും. അറിവു് ആഗ്രഹത്തെ ജനിപ്പിക്കുന്നു. അറിവും ആഗ്രഹവും മനഃസ്വാതന്ത്ര്യത്തിന്റെ ചൊൽപ്പടി പ്രവർത്തി ക്കുന്നു. ഇതുതന്നെയാണു മാനുഷികപ്രവൃത്തിയെന്നു നാം ക ണ്ടുകഴിഞ്ഞു. തന്മൂലം, അറിവിൽനിന്നും മനഃസ്വാതന്ത്ര്യ ത്തിൽനിന്നും വിനിർഗളിക്കുന്നവ ഏതു മണ്ഡലത്തിലായാ ലും ശരി, മാനുഷികങ്ങളാണു്. സാഹിത്യസൃഷ്ടിയെന്ന പ്ര വൃത്തിയും തന്മൂലം ഒരു മാനുഷികപ്രവൃത്തിതന്നെ. അതു ധാ

മ്മികമണ്ഡലത്തിൽപ്പെട്ടതാണു്. സാഹിത്യപ്രവൃത്തി ഒരിക്കലും നിസംഗമാകില്ല. ഒന്നുകിൽ സാന്മാൎഗ്ഗികം, അല്ലെങ്കിൽ അസാന്മാൎഗ്ഗികം. ഇതിലൊന്നിൽപ്പെടാതെ തരമില്ല.

യഥാൎത്ഥകാവ്യസൃഷ്ടി ആകസ്മികമായി അനുഭവവേദ്യമാകുന്ന വെറുമൊരു അനുഭൂതിവിശേഷമല്ല. ദീൎഘമായ പരിചിന്തനങ്ങളുടേയും ക്രമീകരണങ്ങളുടേയും മാനസികാഘാതപ്രത്യാഘാതങ്ങളുടേയും തീച്ചൂളയിലാണു് ഓരോ കൃതിയും വാൎക്കപ്പെടുന്നതു്. ഫ്ളാബെ പറഞ്ഞു: "എഃപ്പാഴം ദന്തഗോപുരത്തിലിരുന്നേ എഴുതാവൂ. നമുക്കു നമ്മുടെ മുറിയുടെ വാതിലടയ്ക്കാം. എന്നിട്ടു്, നമുക്കു നമ്മുടെ ദന്തഗോപുരത്തിന്റെ ഉച്ചിയിലേക്കു—അംബരചുംബിയായ ആ അവസാന സ്റ്റെപ്പിലേക്കു കയറിച്ചെല്ലാം." (1)

സാഹിത്യകാരന്മാരെല്ലാം ജനസമ്പൎക്കവിമുഖരായിക്കൊള്ളണമെന്നല്ല ഫ്ളാബെ വിവക്ഷിക്കുന്നതു്. സാഹിത്യസൃഷ്ടി ചെയ്യുന്നവൻ ഏകാന്തനായിരുന്നു ചിന്തിച്ചു നിഗമനങ്ങളെടുത്തു് അവധാനപൂൎവ്വം തന്റെ കൎത്തവ്യം നിൎവ്വഹിക്കണമെന്നാണു് അദ്ദേഹം പറഞ്ഞതിന്റെ സാരം. ഫ്ളാബെയുടെ നോവലുകളിൽത്തന്നെ ധാരാളം ധാൎമ്മികാപചയപ്പുഴക്കുത്തുകൾ ഉടനീളം ഉണ്ടു്. എങ്കിലും അദ്ദേഹം ചൂണ്ടിക്കാണിച്ചതു സാഹിത്യവ്യാപാരത്തിലെ ഒരു സുപ്രധാനപ്രക്രിയയാണെന്നു സമ്മതിക്കാതെ തരമില്ല. കലാവ്യാപാരം ഒരു കുട്ടിക്കളിയല്ല; സഗൗരവം, സാവകാശം, ആലോചിച്ചു, വിധിച്ചു ചെയ്യേണ്ട ഉത്തരവാദിത്വനിബദ്ധമായ ഒരു മാനുഷികപ്രവൃത്തിയാണു്.

അമേരിക്കൻ മഹാകവിയായ എഡ്ഗർ അല്ലൻപോ

---

(1) Gustab Flaubert, *Correspondance*, II, p. 149-150.

വിൻെറ 'റാവൻപക്ഷി' (The Raven)എന്ന കാവ്യതല്ലജം അനശ്വരമായ ഒരു കലാശില്പമാണു്. 'റാവൻപക്ഷി' യുടെ നിമ്മാണസംവിധാനപ്രക്രിയകളെക്കുറിച്ചു മഹാകവിതന്നെ തൻെറ കവനശില്പശാസ്ത്രത്തിൽ (The philosophy of Composition) പ്രതിപാദിച്ചിരിക്കുന്നതു നമ്മുടെ എഴുത്തുകാർ അവധാനപൂവ്വം പഠിക്കേണ്ടതാണു്. അല്ലൻപോ തൻെറ കാവ്യത്തിൻെറ കരടുചിത്രം വരയ്ക്കുന്ന രംഗം ശ്രദ്ധേയമാണു്. എത്രമാത്രം ആലോചിച്ചും വിധിച്ചും, പാകപ്പിഴകൾ ഒഴിവാക്കാനായി കാവ്യരൂപത്തെ തിരിച്ചും മറിച്ചും സംവിധാനം ചെയ്തിട്ടാണു് അദ്ദേഹം പേന കൈയിലെടുക്കുന്നതു്! മാനുഷികപ്രവൃത്തിയുടെ സങ്കീണ്ണമായ ഉള്ളുകള്ളികളെല്ലാം അതീവവ്യക്തങ്ങളാണു്. ആ കാവ്യനിമ്മാണസംവിധാനത്തിലെ ഒരു ബിന്ദുകംപോലും വെറുമൊരനുഭവത്തോടോ ആകസ്മികതയോടോ ബന്ധപ്പെട്ടതല്ലെന്നു് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടു്. ഒരങ്കഗണിതപ്രശ്നത്തിൻെറ കൃത്യഗതികത്തോടും വ്യതിരിക്തതയോടുംകൂടി ആ കൃതി അതിൻെറ മുഴമിക്കൽവരെ പടിപടിയായി പുരോഗമിച്ചുകൊണ്ടിരുന്നു. (1)

ശോകസാന്ദ്രമായ ഒരു രംഗം സൃഷ്ടിക്കുകയായിരുന്നു ആ കവനത്തിൻെറ ലക്ഷ്യം. "ലോകത്തിലേയ്ക്കു് ഏററം ശോകാത്മകമായ രംഗമേതാണു്?" അദ്ദേഹം തന്നോടുതന്നെ ചോദിച്ചു. "മരണം'' അദ്ദേഹം പ്രത്യുത്തരിച്ചു. "എന്നാൽ, ശോകം സൗന്ദര്യാത്മകമായാലേ കവിതയാകൂ. അതിനെന്താണു വഴി?" വീണ്ടും പ്രശ്നമുയരുകയാണു്. "ശരി. സുന്ദരിയായ ഒരു തരുണീമണിയുടെ മരണരംഗം മനഞ്ഞെടുക്കുകതന്നെ. വിരഹദുഃഖിതനായ കാമുകനാണു കഥ പറയുന്നതെ

---

(1) Cfr VICTOR. M. HAMM, *The Pattern of criticism* p. 50-52.

കിൽ കവനം ഒന്നുകൂടി ഹൃദയാരുന്തുദമായിരിക്കുമെന്ന് അദ്ദേഹം വിചാരിച്ചു. ആ കാമുകൻ ഒരു റാവൻപക്ഷിതന്നെ ആകട്ടെ എന്നും തീരുമാനിച്ചു. റാവൻപക്ഷിയുടെ വിലാപസ്വരം മററുള്ളവരുടെ കരളലയിക്കുമെന്നും അങ്ങനെ കാവ്യം അനുവാചകർക്ക് ആസ്വാദകരമായിഭവിക്കുമെന്നും അദ്ദേഹം മനസ്സിൽ കണ്ടു. ഇതിനുശേഷമാണു മഹാകവി എഴുതാൻ പേന കയ്യിലെടുത്തതു്. (I) 'റാവൻപക്ഷി'യുടെ നിമ്മാണം ഒരു മാനുഷികപ്രവൃത്തി (Actus humanus) അല്ലെന്ന് ആരെങ്കിലും പറയുമോ? ശ്രേഷ്ഠമായ ഏതൊരു കലാശില്പത്തിൻേറയും പിന്നിൽ ഇതുപോലുള്ള ക്രമീകരണം ആവശ്യകമാണ്. മിൽട്ടൻെറ അനശ്വരകാവ്യമായ "പറുദീസാനഷ്ടം" (Paradaise Lost) മേൽപ്പറഞ്ഞതരത്തിലുള്ള സംവിധാനത്തിനുശേഷമാണു ജീവൻ പൂണ്ടതെന്നു കേംബ്രിജിലെ, ടിനിററികോളേജിൽ സൂക്ഷിച്ചിരിക്കുന്ന, മിൽട്ടൻെറ കയ്യെഴുത്തുപ്രതി (Milton Manuscript) പരിശോധിച്ച സാഹിത്യഗവേഷകർ വ്യക്തമാക്കിയിട്ടുണ്ട്. പോപ്പിൻെറ "മനുഷ്യനെക്കുറിച്ചുള്ള പ്രബന്ധ" (Essay on man) ത്തിൻെറ ആദ്യ ഈരടികൾതന്നെ മൂന്നുതരത്തിൽ എഴുതപ്പെട്ടിട്ടുണ്ടെന്നു പല കയ്യെഴുത്തുപ്രതികൾ പരിശോധിച്ചശേഷം മിസ്റ്റർ ജോർജ്ജ് ഷെർബോൺ പ്രസ്താവിക്കുന്നു. (2) ജോൺ കീററ്സിൻെറ "എൻഡിമിയണി"ലെ (Endymion) പ്രഥമപാദം ഇന്നത്തെ വിധത്തിലല്ല ആദ്യം എഴുതപ്പെട്ടതു്. അതിലെ അവസാനത്തെ രണ്ടു പദങ്ങൾ— "Constant joy" എന്നാണു ആദ്യത്തെ കയ്യെഴുത്തുപ്രതിയിൽ കാണുന്നതു്. തൻെറ സ്നേഹിതനായ ഹെൻറി സ്റ്റീഫൺസിൻെറ

---

(1) Cfr VICTOR M. HAMM, *op. cit.* p. 52.

(2) Cfr GEORGE SHERURN, *pope atwork- in "Essays on the eighteenth century presented to David Nichol Smith.,* p. 49-64.

നിർദ്ദേശപ്രകാരം കീററസ് അതു- "joy forever" എന്നാക്കി.

എന്തിനിതെല്ലാം? ഇത്രമാത്രം സ്ഫടികസ്ഫുടമായ ഒരു അനുഭവസത്യത്തെ ഇനിയും വിശദീകരിക്കുന്നതിൽ എന്താണു സാംഗത്യം? സാഹിത്യവ്യാപാരം തികച്ചും അവബോധാത്മകവും ലക്ഷ്യാത്മകവും (purposeful) ആയ ഒരു മാനുഷികപ്രവൃത്തിയാണെന്നുള്ളതാണു മേൽപ്പറഞ്ഞ സംഭവങ്ങൾ തെളിയിക്കുന്നതു്. അവ ധാർമ്മികമണ്ഡലത്തിനകത്താണു്. അവ ധാർമ്മികവിധിതീർപ്പിനു വിധേയവുമാണു്.

## സാഹിത്യവും ചലനതത്വവും

'സൗന്ദര്യനിരീക്ഷണ'ത്തിൽ ശ്രീമാൻ എം. പി. പോൾ എഴുതുന്നു: "ചലനമാണു കവിതയുടെ ജീവൻ. അതു ചിലപ്പോൾ മന്ദവും ചിലപ്പോൾ ശീഘ്രവുമായിരിക്കാം." കവിതയുടേതെന്നല്ല, ഏതു സാഹിത്യസരണിയുടേയും നിലനില്പിന്നടിസ്ഥാനം ചലനമാണു്. ചലനതത്വം നാടകരചനയിൽ എത്ര അപരിത്യാജ്യമാണെന്നു വിജ്ഞാനാചാര്യനായ അരിസ്റ്റോട്ടിൽ തൻെറ'കാവ്യാനുശാസനങ്ങ'ളിൽ(Poetics) സുദീർഘമായി പ്രതിപാദിക്കുന്നുണ്ടു്. നോവൽ, നാടകം എന്നീ സാഹിത്യപ്രസ്ഥാനങ്ങളിൽ ചലനതത്വം കൂടുതൽ പ്രകടമാണു്. അവയുടെ ഊടും പാവും നെയ്തെടുക്കേണ്ടതുതന്നെ ചലനത്തിൽനിന്നാണെന്നുള്ളതാണിതിൻെറ കാരണം. നോവലിൻെറ പുരോഗമനംതന്നെ ആമുഖം, ഉദ്വേഗം, വിമോചനം, നിർവാണം എന്നീ അവസ്ഥാന്തരങ്ങളിൽക്കൂടിയാണെന്നു ശ്രീമാൻ പോൾ'നോവൽ സാഹിത്യ'ത്തിൽ സമർത്ഥിച്ചിട്ടുണ്ടു്.

ചലനത്തിൻെറ സൂത്രധാരത്വം വഹിക്കുന്നതു സംഘട്ടന (Struggle) സിദ്ധാന്തമാണെന്നു യവനകാവ്യാചാര

നായ അരിസ്റ്റോട്ടലിനോടൊപ്പം സാഹിതീഭക്തരെല്ലാം ഏകകണ്ഠമായി സമ്മതിച്ചുകഴിഞ്ഞിട്ടുള്ള കാര്യമാണു്. നോവലിലോ നാടകത്തിലോ ഒക്കെ സംഘട്ടനം നടക്കുന്നതു കഥാപാത്രങ്ങൾ തമ്മിലാണു്. എന്നാൽ, സംഘട്ടനസിദ്ധാന്തത്തിനും വേറെ എന്തോ തത്വമുണ്ടെന്നു തോന്നുന്നു. സംഘട്ടനത്തിൻെറ കാരണഭൂതൻ വൈരുദ്ധ്യമാണെന്നു് അല്പം ആലോചിച്ചാൽ മനസ്സിലാകും. തുല്യഗുണ, സ്വഭാവ, വീക്ഷണഗതികളുള്ള കഥാപാത്രങ്ങൾതമ്മിൽ സാധാരണ സംഘട്ടനം നടക്കുന്നില്ല. ശിഷ്ടകഥാപാത്രങ്ങളും ദുഷ്ടകഥാപാത്രങ്ങളും തമ്മിലാണു ബലപ്രയോഗം. ഇവരുടെ പക്ഷങ്ങളിൽ നില്ക്കുന്ന അടിസ്ഥാനമൂല്യമാണു തിന്മയും നന്മയും. അവ അമൂത്തങ്ങളാകയാൽ അദൃശ്യമായിരിക്കും എന്നതുകൊണ്ടത്രേ കഥാകാരൻ അവയെ മനുഷ്യനിൽ മൂൎത്തിവത്കരിക്കുന്നതു്. സംഗ്രഹിച്ചുപറഞ്ഞാൽ, നന്മതിന്മകൾ തമ്മിലുള്ള നിരന്തരാഘാതപ്രത്യാഘാതപരമ്പരയാണു കഥയെ മുന്നോട്ടുമുന്നോട്ടു നയിച്ചുകൊണ്ടിരിക്കുന്നതു്. ഇവയുടെ അഭാവത്തിൽ കഥാതന്തു തകൎന്നു വീഴുകയും രസാനുഭൂതി പമ്പകടക്കുകയും ചെയ്യും. അപ്പോൾ നന്മതിന്മകളാകുന്ന പ്രതിലോമശക്തികളെ ചിത്രീകരിച്ചു കഥാതന്തുവിനെ മുന്നോട്ടു നയിക്കുന്ന കഥാകാരൻ ചില ധാൎമ്മികവീക്ഷണഗതികൾ കൈക്കൊള്ളുന്നുണ്ടെന്നതു പ്രകടമാണു്. നന്മയ്ക്കും തിന്മയ്ക്കും വ്യതിരിക്തമായ അസ്ഥിത്വം അവൻ അംഗീകരിക്കുന്നുണ്ടു്. അങ്ങനെ അംഗീകാരം നല്കാത്തപക്ഷം അക്ഷണത്തിൽത്തന്നെ അവൻെറ സാഹിത്യശില്പം ഇടിഞ്ഞു നിലംപതിക്കൻതുടങ്ങും. അപ്പോൾ സാഹിത്യത്തിൽ ധാൎമ്മികഗുണമുണ്ടെന്നു സാഹിത്യവ്യാപാരം സ്പഷ്ടമാക്കുന്നു. അതിനാൽ, കല ധാൎമ്മികമണ്ഡലത്തിനു വെളിയിലാണെന്നോ കലയിൽ ധാൎമ്മികതയുടെ കാര്യമേ പറഞ്ഞുപോകരുതെന്നോ ശഠിക്കുന്ന സാഹിത്യകാരന്മാർ പട്ടാപ്പകൽ രാത്രിയാണെന്നു പറയുന്നവൎക്കു തുല്യരാ

ണ്. സാഹിത്യം ധാർമ്മികവിധിയുടെ കീഴാണെന്ന് അറിവില്ലാത്തവർ, വാസ്തവത്തിൽ അംഗുലീപരിമിതരാണ്. പരമാത്ഥമിതാണ്. സാഹിത്യത്തിൽ 'ധാർമ്മികത'യെന്ന വാക്കു കേൾക്കാൻ പലക്കും ഇഷ്ടമില്ല. പക്ഷേ, നമുക്കിഷ്ടമുണ്ടെങ്കിലും, ഇല്ലെങ്കിലും കലാവ്യാപാരം ഒരു മാനുഷികപ്രവൃത്തിയാണ്. എപ്പോഴെങ്കിലും മനുഷ്യനൊരു പ്രവൃത്തി ചെയ്തുപോയാൽ, അവൻ ഒരു സാഹിത്യകൃതി ചമയ്ക്കുന്ന കലാകാരനായിക്കൊള്ളട്ടെ, അല്ലെങ്കിൽ, അതിലെയൊരു കഥാപാത്രമായിക്കൊള്ളട്ടെ, അതുമല്ലെങ്കിൽ, ആകൃതിയുടെ ആസ്വാദകനായിക്കൊള്ളട്ടെ, ആ പ്രവൃത്തി മനഃസ്സാക്ഷിയുടെ വിധിതീപ്പിനധീനമാണ്. മാത്രമല്ല, ചില കലാകാരന്മാർ പറയുന്നതുപോലെ,ധാർമ്മികമണ്ഡലത്തിലുൾപ്പെടാത്ത—മാനുഷികമല്ലാത്ത—യാതൊരു ആന്തരികാനുഭവവും (inner experience) കാവ്യപ്രചോദനവും അനുഭൂതിവിശേഷവും സാഹിത്യവ്യാപാരത്തിലില്ലതന്നെ.

എത്ര നൂററാണ്ടുകൾക്കുമുമ്പുതന്നെ അരിസ്റ്റോട്ടിൽ ഈ യാഥാത്ഥ്യം തൻെറ കാവ്യാനുശാസനങ്ങളിൽ കുറിച്ചിട്ടതാണ്. അരിസ്റ്റോട്ടിലിൻെറ വീക്ഷണഗതിയെ പരാമർശിച്ചുകൊണ്ടു് ഒരാധുനികചിന്തകനായ ഹാരോൾഡ് സി. ഗാർഡിനർ അഭിപ്രായപ്പെടുന്നു: "അരിസ്റ്റോട്ടിലിൻെറ ചിന്താഗതിയിൽ കല അടിസ്ഥാനപരമായി—പരോക്ഷമായാൽത്തന്നെയും— ഒരു ധാർമ്മികപ്രവൃത്തിയാണ്. സർഗ്ഗാത്മകവ്യാപാരത്തിൽ സ്ഥിതിചെയ്യുന്ന പ്രവൃത്തി എപ്പോഴും ഒരന്ത്യത്തോടും ഉദ്ദേശ്യത്തോടും ബന്ധം പുലത്തുന്നുണ്ടു്. താദൃശമായ ബന്ധം ഒരു ധാർമ്മികയാഥാത്ഥ്യമാണ്; ആ ബന്ധത്തെ ചിത്രീകരിക്കുക ഒരു ധാർമ്മികപ്രവൃത്തിയുമാണ്." (1)

---

(1) HAROLD. C. GARDINER, *Norms for the Novel*, p. 117.

സർഗ്ഗാത്മകവ്യാപാരത്തിൽ ചെയ്യുന്ന പ്രവൃത്തി ലക്ഷ്യങ്ങളോടും അന്ത്യങ്ങളോടും ബന്ധം പുലർത്തുന്നുണ്ടെന്നു ഗാർഡിനർ പറഞ്ഞതു നാമിപ്പോൾ വിവരിച്ച കാവ്യജീവൻെറ തത്വം മുന്നിൽ കണ്ടുകൊണ്ടാണ്. കാവ്യജീവൻ ചലനമാണെന്നും, ചലനകാരണം സംഘട്ടനമാണെന്നും, സംഘട്ടനം വിരുദ്ധഘടകങ്ങൾ തമ്മിലാണെന്നും നാം പറഞ്ഞു. ഗാർഡിനർ ഒരു പടികൂടി മുന്നോട്ടു കടക്കുകയാണ്. സംഘട്ടനങ്ങളുടെ നിയന്താക്കളാണ് അന്ത്യവും ഉദ്ദേശ്യവും. ചിലർക്കു ചില ഉദ്ദേശ്യങ്ങൾ സാധിക്കാനുണ്ട്; ചിലർ അതിനു പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. മുന്നോട്ടുപോകുന്നതിന് അപ്പോൾ സംഘട്ടനം അപരിത്യാജ്യമായിവന്നു. ഇതാണു സംഘട്ടനങ്ങളുടെ രഹസ്യം. ഈ സംഘട്ടനങ്ങൾ എപ്പോഴും ധർമ്മശാസ്ത്രത്തിൻെറ പരിധിയിൽപ്പെടുന്നതാണ്. അതിനാൽ സംഘട്ടനങ്ങളെ ചിത്രിച്ചു മുന്നേറുന്ന സാഹിത്യവും ധാർമ്മികമണ്ഡലത്തിനകത്താണ്.

## സാഹിത്യവും സന്മാർഗ്ഗവും

സാഹിത്യം ധാർമ്മികമണ്ഡലത്തിനകത്താണെന്നു തെളിഞ്ഞു. അകയാൽ സാഹിത്യത്തിൽ സന്മാർഗ്ഗം ഉണ്ടായിരുന്നേ തീരൂ എന്നു വരുന്നില്ല. മറെറല്ലാ മാനുഷികപ്രവൃത്തികളുമെന്നപോലെ മാനുഷികപ്രവൃത്തിയുടെ പരിണതഫലമായ സാഹിത്യകൃതിയും സാന്മാർഗ്ഗികമോ അസാന്മാർഗ്ഗികമോ ആയിരിക്കാമെന്നേ കഴിഞ്ഞ ചർച്ചയിൽ നിന്നു സിദ്ധിക്കുന്നുള്ളു. സാഹിത്യം ധാർമ്മികമണ്ഡലത്തിനകത്താണെങ്കിലും അതിൽ സന്മാർഗ്ഗദീക്ഷ അശേഷം പരിഗണിക്കേണ്ടതില്ലെന്ന് ഇന്നത്തെ ചില കലാകുതുകികൾ വാദിക്കുന്നുണ്ട്. ആരെങ്കിലും ഖണ്ഡനത്തിനു മുതിർന്നാൽ ഉടനെ അവരൊരു 'തുരുപ്പുചീട്ടു' മലർത്തിക്കാണിക്കും.

അതെന്തെന്നല്ലേ? "കലയുടെ അന്ത്യം സന്മാർഗ്ഗമല്ല." ഇവർ പറയുന്നതിൽ പരമാർത്ഥമില്ലേ എന്നു ചോദിച്ചാൽ, കുറച്ചൊക്കെ ഉണ്ടു്. എന്നാണു മറുപടി. അതെങ്ങനെയാണെന്നു വിശദമാക്കാം.

## സാഹിത്യമെന്ന കല

സാഹിത്യമൊരു കലയാണു്. കലകളെല്ലാം നിർമ്മാണാത്മകങ്ങളാണു്. വ്യാപകാർത്ഥത്തിൽ ഏതെല്ലാംവിധത്തിൽ നിർമ്മാണം നടത്താമോ അത്രയും വിധത്തിലുള്ള കലകളുമുണ്ടു്. കലകളെ പൊതുവെ രണ്ടായി വിഭജിച്ചിരിക്കുന്നു: പ്രയോജനകലകളും (useful arts) സുന്ദരകലകളും (fine arts) (അർവ്വാചീനാചാര്യന്മാർ ഇവയെ പരതന്ത്രകലകളെന്നും (Servile arts) സ്വതന്ത്രകലകളെന്നു (liberal arts) മാണു വ്യവഹരിച്ചുപോന്നിരുന്നതു്.) ആലയനിർമ്മാണത്തിലേതുപോലെ എല്ലാ പ്രയോജനകലകളുടേയും അന്ത്യം നിർമ്മിതവസ്തുവിന്റെ ഉപയോഗിതയാണു്. സുന്ദരകലകൾ ലക്ഷീകരിക്കുന്നതു് സൗന്ദര്യാത്മകമായ നിർമ്മാണത്തെയാണു്. പ്രയോജനം ഉണ്ടാകട്ടെ, ഇല്ലാതിരിക്കട്ടെ, കവനവസ്തു ചേതോഹരമായി മനഞ്ഞെടുത്തതെങ്കിൽ അതൊരു സുന്ദരകലാസൃഷ്ടിയാണു്. സംഗീതം, സാഹിത്യം, ചിത്രമെഴുത്തു്, പ്രതിമാനിർമ്മാണം ഇവ സുന്ദരകലകളാണു്. സുന്ദരകലകൾ ഒരു വസ്തുവിൽ സൗന്ദര്യത്തെ ആവിഷ്കരിച്ചു സഹൃദയാഹ്ളാദത്തെ ഉൽഗ്രഥനംചെയ്തു രസസ്ഫൂർത്തിവരുത്തി അവയുടെ ലക്ഷ്യം പ്രാപിക്കുന്നു.

സാഹിത്യത്തെ സഹൃദയാഹ്ളാദകമായ സൗന്ദര്യാവിഷ്കരണമെന്നു നിർവചിക്കേണ്ടിവരുന്നതു് ഇക്കാരണത്താലാണു്.

സാഹിത്യം ആഹ്ളാദിപ്പിക്കുന്നതു് അതു സൗന്ദര്യ

ത്തെ കലാനിർമ്മാണത്തിൽ പ്രതിഫലിപ്പിക്കുന്നതുകൊണ്ടേ ത്രേ. സൗന്ദര്യമാകട്ടെ സത്ത(being)യുടെ ഒരു ഗുണമാണ്. തോമസ് അക്വിനാസ് പറയുന്നു: "ഏതൊരു വസ്തുവിന്റെ അനുഭവം ആഹ്ലാദജനകമോ അതു സുന്ദരം" (1) (Idcujus ipsa apprehensio placet) പ്രകൃതിപ്രതിഭാസങ്ങളിൽ സൗന്ദര്യഭാവത്തെ വിവേചിച്ചറിയുന്നതു മനുഷ്യന്റെ പ്രായോഗികബുദ്ധിയാണെന്ന് അക്വിനാസ് അഭിപ്രായപ്പെട്ടിട്ടുണ്ട്. (2) പ്രായോഗികബുദ്ധി (practical intellect) കലാമണ്ഡലത്തിൽ സൗന്ദര്യാസ്വാദകശക്തി (Aesthetic faculty) ആയി രൂപാന്തരപ്പെടുന്നെന്നു വിശ്രുതനായ എം. പി. പോൾ പറയുന്നു: "ഈ ശക്തി യുക്ത്യതീതമാണ്. യുക്തിസ്മരണ, അനുമാനം എന്നിവയെക്കാൾ ആന്തരികവും മൗലികവുമായ ഒരു വ്യാപാരമാണു സൗന്ദര്യഗ്രഹണശക്തിക്കുള്ളതു്. യുക്തിയുടെ പ്രവൎത്തനവും ഈ ശക്തിക്കു് വിഷയമായിത്തീരാവുന്നതാണു്." (3) ഇങ്ങനെ സൗന്ദര്യാസ്വാദകശക്തി പ്രകൃതിപ്രതിഭാസങ്ങളിൽനിന്നാഗിരണംചെയ്തു കാവ്യത്തിലൂടെ പുനരാവിഷ്കരിച്ചുകാണിക്കുന്ന മനോമോഹനമായൊരു മഴവില്ലാണു കലാസൗന്ദര്യം. കലാസൗന്ദര്യത്തിന്റെ പര്യടനലോകത്തിനു ക്ലിപ്താതിരുകളില്ല. ഐന്ദ്രിയവും ഐന്ദ്രിയാതീതവും, പദാൎത്ഥബദ്ധവും പദാൎത്ഥാതീതവും, മൂൎത്തവും അമൂൎത്തവും, ലൗകികവും പാരത്രികവും ആയ ഏതു മേഖലയിലും കടന്നുചെല്ലുവാൻ കലാസൗന്ദര്യത്തിനു കഴിയും. എങ്കിലും, പലപ്പോഴും അതു് ഐന്ദ്രിയതലത്തിലാണു വ്യാപരിക്കുന്നതു്.

---

(1) St. Thomas, S. T. I., IIae, q. 27, a. 1, ad. 3.
(2) Ibid S. T. I, q. 5, a. 4, ad, 1.
(3) എം. പി. പോൾ, സൗന്ദര്യനിരീക്ഷണം. p. 29.
സൗന്ദര്യത്തെക്കുറിച്ചുള്ള സമഗ്രപഠനത്തിന് ഈ ചെറുഗ്രന്ഥം ഒരാവൎത്തി വായിച്ചാൽ മതി.

'ഇന്നിന്റെ ഏററവും ശ്രദ്ധേയമായ സ്വരം' എന്നും ടി. എസ്സ്. എലിയട്ട് വിശേഷിപ്പിച്ച ജാക്ക് മാരിററയിൻ കലാസൗന്ദര്യത്തിന്റെ സ്വഭാവത്തെ വ്യക്തമാക്കുന്നു; "അതു് ഏതെങ്കിലുമൊരു സുന്ദരഭാവമല്ല, പിന്നെയോ, മനുഷ്യമനസ്സിനു നിതാന്തനൈസർഗ്ഗികമായി സജ്ജീകൃതമായ സുന്ദരഭാവമാണ്. ഇതാകട്ടെ, അതീതസൗന്ദര്യത്തിന്റെ (Transcendental beauty) ഒരു വകഭേദംമാത്രമാണ്" (1)

അപ്പോൾ മനുഷ്യന് ഏററവും സമീപസ്ഥമായ സുന്ദരഭാവമാണു കലാസൗന്ദര്യം. തന്റെ നിരന്തരപരിചയവലയത്തിൽപ്പെട്ട വസ്തുക്കളിൽ അവൻ അതിനെ കണ്ടെത്തുന്നു. തത്വശാസ്ത്രവും സാഹിത്യവും തമ്മിലുള്ള വ്യതിരിക്തതയെ വിശകലനം ചെയ്യുന്നിടത്തു മാറിറെറയിൻ കലാസൗന്ദര്യത്തിന്റെ ഈ സവിശേഷത സൂക്ഷ്മമായി അപഗ്രഥിക്കുന്നുണ്ടു്. "ഇന്ദ്രിയങ്ങളിലുള്ളതും ഐന്ദ്രിയതലത്തിൽ പ്രസ്ഫുരിക്കുന്നതുമായ ആദ്ധ്യാത്മികപ്രവചനത്തെയാണു നാം കാവ്യ (സാഹിത്യ) മെന്നു വിളിക്കുന്നതു്. തത്വശാസ്ത്രവും ആദ്ധ്യാത്മികമായ ഒരു യാഥാർത്ഥ്യത്തെയാണ് അന്വേഷിക്കുക; രീതിയും വിശേഷപ്രതിപാദ്യവും (formal object) വ്യത്യസ്തമാണെന്നുമാത്രം.... തത്വശാസ്ത്രം അതീവബുദ്ധിവ്യാപാരത്താൽ ആദ്ധ്യാത്മികതത്വത്തെ വെറുമൊരാശയത്തിൽ (idea) ആവിഷ്കരിക്കുമ്പോൾ കാവ്യം, മനസ്സാകി മുച്ചുകൂട്ടിയ ഇന്ദ്രിയമുനകൊണ്ടു് ആദ്ധ്യാത്മികതത്വത്തെ ഐന്ദ്രികമേഖലയിൽ കണ്ടെത്തുന്നു. തത്വശാസ്ത്രം ശാശ്വതതലങ്ങളിലെ ഏകാന്തവിചിന്തനത്തിൽമാത്രം ആധ്യാത്മികതത്വത്തെ എത്തിപ്പിടിക്കുമ്പോൾ, കാവ്യം അതിനെ

---

(1) MARITAIN, *Creative Intuition in Art and Poetry*. p. 164.

വൃഷ്ടികളും ആഗന്തുകങ്ങളുമായ മൂർത്തവസ്തുക്കളിൽ കണ്ടെത്തുന്നു"(1).

ഇതാണു കലാസൗന്ദര്യത്തിന്റെ സ്വഭാവം. ബുദ്ധിയുടെ വിസ്തൃതരാജപാതകളിൽനിന്നു മാറി, യുക്തിയുടെ തീവ്രമായ ചർച്ചകളിൽനിന്നകന്നു്, ഐന്ദ്രികതയുടെ ചതുപ്പുചാലുകളെ വെടിഞ്ഞു്, ബുദ്ധിയും ഇന്ദ്രിയവും സമഞ്ജസം സമ്മേളിക്കുന്നൊരു സുഭഗസുന്ദരമൈതാനിയിലാണു കലാസൗന്ദര്യം വിഹരിക്കുന്നതു്. സൗന്ദര്യത്തിന്റെ വസ്തുകർത്തൃനിഷ്ഠഭാവങ്ങളെക്കുറിച്ചൊന്നും ഇവിടെ ചർച്ചചെയ്യാനുദ്ദേശിക്കുന്നില്ല.

അപ്പോൾ, സുന്ദരകലകളുടെയെല്ലാം ലക്ഷ്യം സൗന്ദര്യാവിഷ്കരണംവഴിയുള്ള ആഹ്ളാദമാണെങ്കിൽ ഒരു സുന്ദരകലയായ സാഹിത്യവും ആഹ്ളാദം ജനിപ്പിക്കുമ്പോൾ അതിന്റെ അന്ത്യം പ്രാപിച്ചതായി ഗണിക്കണം. അതിനാൽ ഒരു സാഹിത്യഗ്രന്ഥം കാവ്യമീമാംസാനുശാസനങ്ങളും സാഹിത്യതത്വങ്ങളും അനുസരിച്ചു വിരചിതമായതാണെങ്കിൽ വിജയിച്ചുകഴിഞ്ഞു. അതിന്റെ പ്രഥമവും പ്രധാനവുമായ അന്ത്യമുണ്ടല്ലോ—ആഹ്ളാദദായകത്വം; അതാണു വിജയമാനദണ്ഡം. കലയെസ്സംബന്ധിച്ചിടത്തോളം നൈർമ്മാണികപൂർണ്ണതയാണു ചിന്തനീയം. അതു സാധിച്ചാൽ നിർമ്മിതവസ്തു അതിൽത്തന്നെ ഒരു വിജയമാണു്. ഈ നിലയിലാണു് അസാന്മാർഗ്ഗികജീവിതം നയിക്കുകയോ, അസാന്മാർഗ്ഗികകൃതികൾ വിരചിക്കുകയോ ചെയ്തിട്ടുള്ള കലാകാരന്മാരും സാഹിത്യകാരന്മാരും ബഹുമാനിക്കപ്പെടുന്നതു്. ഇങ്ങനെയുള്ള സാഹിത്യകുശലരാണു് ഹെമിങ്ങ്‌വേയും ലോറൻസും ചങ്ങമ്പുഴയുമെല്ലാം. മഹാകവി ഡ്രൈഡന്റെ വാക്കുകൾ ഉദ്ധരണീയങ്ങളാണു്: "ഏകമാത്രമല്ലെങ്കിലും സാ

---

(1) J. MARITAIN, *Art & Scholasticism*, pp. 96-97. Cf. also J. MARITAIN, *Art & Poetry*. p. 7 (Preface).

ഹിത്യത്തിന്റെ പ്രഥമലക്ഷ്യം ആനന്ദമാണു്. പ്രബോധനം (Teaching) അനുവദനീയമാണു്; പക്ഷേ, ദ്വിതീയസ്ഥാനത്തു നിന്നുകൊള്ളണമെന്നുമാത്രം. ആനന്ദിപ്പിക്കുന്നതിന്റെ തോതനുസരിച്ചേ സാഹിത്യം പ്രബോധിപ്പിക്കുകയുള്ളൂ"(1). കലയ്ക്കു സന്മാർഗ്ഗവുമായുള്ള ബന്ധം ബാഹ്യവും (external) പരോക്ഷവും (indirect) ആണെന്നു ചില നിരൂപകന്മാർ പറഞ്ഞിട്ടുള്ളതു ഡ്രൈഡൻ പറഞ്ഞതിന്റെ സാരംതന്നെയാണു്.

## കലയും മനുഷ്യനും

സാഹിത്യത്തെ നിരുപാധികമായി—സർവ്വതന്ത്രസ്വതന്ത്രമായി—പരിഗണിക്കുമ്പോൾ ഇതൊക്കെ ശരിയാണു്. എന്നാൽ നിരുപാധികമായി യാതൊന്നുമില്ല, ഈശ്വരനൊഴിച്ചു്. കലയെന്നു പറയുന്നതു് എങ്ങും കാലുറപ്പിക്കാതെ—നിരുപാധികമായി—അന്തരീക്ഷത്തിൽ പാറിനില്ക്കുന്ന മാസ്മരശക്തിയൊന്നുമല്ല. കല മനുഷ്യനിർമ്മിതമാണു്. കലാകാരൻ എന്നൊരു മനുഷ്യനെ കാണാത്തവർ ആരെങ്കിലുമുണ്ടെന്നു തോന്നുന്നില്ല. കല മനുഷ്യനിലാണു കുടികൊള്ളുന്നതു്. കലാവ്യാപാരം മനുഷ്യനിൽ പ്രായോഗികബുദ്ധിയുടെ ഒരു പ്രത്യേകപ്രവൃത്തിയാണു്(1). മനുഷ്യനില്ലെങ്കിൽ കലാകാരനുമില്ല. കലാകാരനായമനുഷ്യൻ സമഗ്രമനുഷ്യന്റെ ഒരു ഭാഗംമാത്രമേ പ്രതിനിധാനംചെയ്യുന്നുള്ളൂ. മനുഷ്യനിൽ കലാവ്യാപാരംപോലെ മററനേകം വ്യാപാരങ്ങളുണ്ടു്. കലാകാരനായ മനുഷ്യൻതന്നെയാണു മതാവലംബിയും രാഷ്ട്

(1) Quoted in I. A. RICHARDS, *Principles of Literary Criticism*, p. 68.

(1) Cf. പി. ററി. ചാക്കോ, കലയിലെ അശ്ലീലം, തൊഴിലാളിവാരാന്ത്യപ്പതിപ്പു്, ഡിസംബർ 25, 1963.

Cf. also J. MARITAIN, *Art & Scholasticism*, p. 123.

ടീയപ്രവത്തകനും സാമൂഹ്യജീവിയുമായ മനുഷ്യൻ. പൂർണ്ണരൂപനായ ഈ മനുഷ്യനെ വിവിധ വ്യാപാരങ്ങളുടെ അടിസ്ഥാനത്തിൽ വെട്ടിമുറിക്കാൻ നിവൃത്തിയില്ല. മനുഷ്യനിലുള്ള ഓരോ വ്യാപാരത്തിനും ജീവിതത്തിൽ അതതിൻേറതായ വിലയുണ്ട്. ഇതിനെയാണു സാധാരണമായി മൂല്യങ്ങളെന്നു വ്യപദേശിച്ചുപോരുന്നതു്. എല്ലാ മൂല്യങ്ങളും തുല്യങ്ങളല്ല. ജീവിതമാകുന്ന മഹാസൗധത്തിൻെറ കല്ലുകളോട് അവയെ ഉപമിക്കാം. എല്ലാ കല്ലുകളും ഒരേ നിരയിലോ ഉയരത്തിലോ അല്ല പണിയപ്പെട്ടിരിക്കുന്നതു്. മൂല്യങ്ങൾ ജീവിതത്തിൽ ക്രമവത്കരിക്കുന്നതിനുള്ള കഴിവാണു ജീവിതവിജയം. ഓരോ മൂല്യത്തേയും അതതിൻെറ സ്ഥാനത്തു്—അതതിൻെറ സ്ഥാനത്തുമാത്രം—പ്രതിഷ്ഠിക്കുവാൻ മനുഷ്യനു ധാർമ്മികകടമയുണ്ട്.

മൂല്യങ്ങളെ പൊതുവെ രണ്ടായി വിഭജിക്കാം: ശാശ്വതമൂല്യങ്ങളും (Eternal values) കാലികമൂല്യങ്ങളും (Temporal values). ശാശ്വതമൂല്യങ്ങൾ മനുഷ്യജീവിതത്തിലെ പരമോൽകൃഷ്ടങ്ങളും പരമപ്രധാനങ്ങളുമായ മൂല്യങ്ങളാണു്. ഇവ എന്നെന്നും അവികലം അലംഘനീയമായി ആദരിക്കപ്പെടേണ്ടവയാണു്. ഇവയ്ക്കെതിരായി ചന്ദ്രഹാസമിളക്കാൻ യാതൊരു ശക്തിക്കും അവകാശമില്ല. ഇവയെ നിരുപാധികമൂല്യങ്ങളെന്നും പറയാറുണ്ട്. ഈശ്വരൻ, മതം, ധാർമ്മികചിന്ത ഇവ ശാശ്വതമൂല്യങ്ങളാണ്. കാലികമൂല്യങ്ങൾ മനുഷ്യനിർമ്മിതങ്ങളാണു്. അവയെ ഭരിക്കുന്നതിനും പുന:സംവിധാനം ചെയ്യുന്നതിനും നശിപ്പിക്കുന്നതിനുതന്നെയും മനുഷ്യനു സ്വാതന്ത്ര്യമുണ്ട്.

## കല ഒരു നിരുപാധികമൂല്യമോ?

കലയേയും സാഹിത്യത്തേയും ഒരു നിരുപാധികമൂല്യമായി കരുതിപ്പോന്ന ചില കലോപാസകർ ഉണ്ട്. കല

യെ ഒരു മതമായിട്ടും ഈശ്വരനായിട്ടുതന്നെയും പരിഗണിച്ചുപോന്ന സാഹിത്യകാരന്മാരും കുറവല്ല. അവരിൽ ചിലരാണു ഗേഥേയും ജീൻ കൊക്ലോയും(1) മാത്യൂ ആർനോൾഡും(2). കലോപാസകൻ അതിനെ സർവ്വസ്വവുമായി അംഗീകരിച്ചാരാധിച്ചുകൊള്ളണമെന്ന്, ഓസ്കർ വൈൽഡ് തുറന്നു പറഞ്ഞിട്ടുണ്ട്.

എന്നാൽ, കല ഈശ്വരനാണെന്നോ മതമാണെന്നോ പറയാൻ അധികമാളുകൾ ഇന്നു തയ്യാറില്ല. കല ഈശ്വരോന്മുഖമാണ്; പക്ഷേ, ഈശ്വരനല്ല.

ശ്രീമാൻ പി. ററി. ചാക്കോ "കലയിലെ അശ്ലീലം" എന്ന ശീർഷകത്തിൽ തൊഴിലാളിവാരാന്ത്യപ്പതിപ്പിൽ ഈയിടെ പ്രസിദ്ധീകരിച്ച ലേഖനങ്ങളിലൊന്നിൽ ഈ വസ്തുത ചൂണ്ടിക്കാണിക്കുകയുണ്ടായി. "കല ഈശ്വരനല്ല, ഐശ്വരമായൊരു സിദ്ധിമാത്രമാണ്, ഈശ്വരന്റെ ഒരു ദാനംമാത്രമാണ്. കലാകാരന്റെ സർഗ്ഗവൈഭവത്തിന്റെ വിദൂരമായൊരു പ്രതിഫലനംമാത്രവും"(3). കലയുടെ അന്ത്യമായ സൗന്ദര്യത്തെ തന്റെ പരമാന്ത്യമായി അംഗീകരിക്കുന്ന കലാകാരൻ വെറുമൊരു വിഗ്രഹാരാധകനായി തരംതാഴുന്നുവെന്നു ജാക്ക് മാരിറെറയിനും അഭിപ്രായപ്പെടുന്നു(4). കല ദൈവമല്ലെന്നും വേറെന്തിനോവേണ്ടിയുള്ളൊരു

---

(1) "Because poetry, O my God, is you"—JEAN COCTAU, quoted in *Art & Scholasticism*, p. 104.

(2) "...Without poetry, our science will appear incomplete, and most of what passes now for religion and philosophy will be replaced by poetry"—M. ARNOLD, quoted in "*The Pattern of Criticism*", p. 81.

(3) പി. ററി. ചാക്കോ, കലയിലെ അശ്ലീലം, തൊഴിലാളി വാരാന്ത്യപ്പതിപ്പ്, 1964, ജനുവരി 5.

(4) J. MARITAIN, *Art & Scholasticism*, p. 74.

പകരണംമാത്രമാണെന്നും അദ്ദേഹം വേറൊരിടത്തു സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. കലയെ ദൈവമാക്കുന്ന പ്രമാദത്തിനു് അദ്ദേഹം നല്കുന്ന പേരു് "ഈസ്തെററിക്ക് ക്ലെരിക്കലിസം" (Aesthetic Clericalism) എന്നാണു്(1). കലാകാരനെന്ന മനുഷ്യൻ ഒരു സാഹിത്യകൃതിയ്ക്കോ അതിന്റെ നിർമ്മാതാവിനോ, താത്വികമായിപ്പറഞ്ഞാൽ, സന്മാർഗ്ഗത്തോടു പ്രത്യക്ഷമായ ബന്ധങ്ങളൊന്നുമില്ല. എന്നാൽ, മനുഷ്യനെന്ന നിലയിൽ കലാകാരൻ മററെല്ലാ മനുഷ്യരേയുംപോലെ സാന്മാർഗ്ഗികനിയമങ്ങൾ അനുസരിക്കാൻ കടപ്പെട്ടവനാണു്.

മനുഷ്യന്റെ പരമാന്ത്യമായ ഈശ്വരനെ പ്രാപിക്കുവാൻ കലാകാരനായ മനുഷ്യനും ധാർമ്മികമായ കടമയുണ്ടു്. ആരേയും ഈ കടമയിൽനിന്നു് ഒഴിവാക്കിയിട്ടില്ല(2); നിരീശ്വരനെപ്പോലും. അവനതിനു പരിശ്രമിക്കുന്നുണ്ടോ ഇല്ലയോ എന്നതു വേറേകാര്യം.

എങ്ങനെയാണു മനുഷ്യൻ തന്റെ പരമാന്ത്യം പ്രാപിക്കുക? മനുഷ്യന്റെ മൂല്യത്തിനു നിദാനം അവന്റെ സ്വതന്ത്രപ്രവൃത്തികൾ — മാനുഷികപ്രവൃത്തികൾ — ആണെന്നു് ആരംഭത്തിലേ നാം കണ്ടു. അതുതന്നെയാണു മാർഗ്ഗം. പരമാന്ത്യം നന്മയുടെ പൂർണ്ണതതന്നെയാകയാൽ, നല്ല പ്രവൃത്തികളേ—സാന്മാർഗ്ഗികപ്രവൃത്തികളേ—ഈശ്വരപ്രാപ്തിക്കു പ്രയോജകീഭവിക്കൂ. കലാകാരനായ മനുഷ്യനും ഈശ്വരസാക്ഷാത്കാരത്തിനു കടമയുള്ളതിനാൽ സാന്മാർഗ്ഗികപ്രവൃത്തികൾ അവശ്യം അനുഷ്ഠിക്കണം. കലാകാരനായ അവൻ തന്റെ കലാവ്യാപാരത്തിലും അങ്ങനെതന്നെ ചെയ്യണം. അപ്പോൾ അവന്റെ കൃതികൾ സാന്മാർഗ്ഗികമാകാതെ തരമില്ലല്ലോ.

---

(1) Ibid, p. 137.

(2) Cf. പി. ററി. ചാക്കോ, കലയിലെ അശ്ലീലം, 1964, ജനുവരി 6.

## ഈശ്വരൻ എന്ന മൂല്യം

മനുഷ്യജീവിതത്തിലെ ശാശ്വതമൂല്യങ്ങൾക്കുപരി പ്രതിഷ്ഠിതമായ പരമമൂല്യമാണിതു്. കല ഈശ്വരനോ ഈശ്വരനേക്കാൾ മഹത്തരമായ ഏതെങ്കിലും യാഥാൎത്ഥ്യമോ അല്ല. എല്ലാ മൂല്യങ്ങൾക്കും മൂല്യം നല്കുന്ന യാഥാൎത്ഥ്യം തന്നെ ഈശ്വരനാണു്. എല്ലാ മൂല്യങ്ങളും നല്ലവനായ ഈശ്വരനിൽനിന്നാഗമിക്കുന്നു. എങ്കിൽ ഈശ്വരനെതിരായോ ഈശ്വരസാക്ഷാത്കാരമാൎഗ്ഗമായി പരിലസിക്കുന്ന മതത്തിനു വിരുദ്ധമായോ കലയ്ക്കൊന്നും ചെയ്വാനവകാശമില്ല. സ്വന്തം പരിധികളെ ലംഘിച്ചു് ആക്രമണം നടത്തുകയായിരിക്കും കല ഈശ്വരനും മതത്തിനുമെതിരായി വ്യാപരിക്കുമ്പോൾ. പരിധികളെ മാനിക്കാത്ത കലാഭാസങ്ങളെ ആക്രമിക്കുന്നതിനും മൂല്യസംരക്ഷണാൎത്ഥം നശിപ്പിക്കുന്നതിനുപോലും മനുഷ്യനപ്പോൾ അവകാശമുള്ളു്. അങ്ങനെയുള്ള കൃതികളെ പിച്ചിച്ചീന്തി തീയിലെറിയുന്ന നാം തെറ്റുകാരാകാത്തതും ഈ അവകാശംമൂലമാണു്. കല മനുഷ്യനുവേണ്ടിയാണു്. കല മനുഷ്യനിലാണു്. അതിനാൽ കലയ്ക്കു പരിധികൾ ഏൎപ്പെടുത്തുന്നതിനും നിയന്ത്രണങ്ങൾ ക്രോഡീകരിക്കുന്നതിനും മനുഷ്യനധികാരമുണ്ടു്. ഈശ്വരനെതിരായി ശബ്ദിക്കാൻ ഒരു കലയ്ക്കും അവകാശമോ അധികാരമോ ഇല്ല. മാരിറ്റെയിൻ പറയുന്നു: "ഈശ്വരനെതിരായി കലയ്ക്കു യാതൊരവകാശവുമില്ല. മനുഷ്യജീവിതത്തിലെ പരമനന്മയായ ഈശ്വരനെതിരായി വേറൊരു നന്മയുമില്ല"(1).

ഈശ്വരസാക്ഷാത്കാരസഹായകമായിരിക്കുന്നതിന്റെ തോതനുസരിച്ചേ കലയ്ക്കു ജീവിതത്തിൽ സ്ഥാനമുള്ളു എന്നു ഭാരതീയാചാര്യന്മാർ എത്രമുമ്പുതന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണു്. അവരെന്താണു പറഞ്ഞതെന്നു പലരും മറന്നു

---

(1) J. MARITAIN, *Art & Scholasticism*, p. 75.

പോയിരിക്കുകയാണിന്നു്. രണ്ടു സംഗതികളാണു അവർ എടുത്തു പറഞ്ഞിട്ടുള്ളതു്. മനുഷ്യന്റെ സകല പ്രവൃത്തികളും പുരുഷാർത്ഥസാധകങ്ങളായിരിക്കണം—അതൊന്നാമത്തേതു്. ഓരോ പ്രവൃത്തിയും പരമപുരുഷാർത്ഥമായ മോക്ഷപ്രാപ്തിയ്ക്കുതകുന്നതായിരിക്കണം – അതു രണ്ടാമത്തേതു്. കലാകാരന്റെ കലാവ്യാപാരവും അന്തിമപുരുഷാർത്ഥസാധകമായവിധം സജ്ജീകരിക്കണമെന്നവർ പറഞ്ഞിട്ടുണ്ടു്. എന്നാൽ, തൽക്കാര്യസിദ്ധിക്കായി കാവ്യരസത്തെ ബലികഴിക്കണമെന്നവരുപദേശിക്കുന്നില്ല.

"ആഹ്ളാദ്യാമൃതവത്കാവ്യ-
മവിവേകഗദാപഹം."—ആനന്ദവർദ്ധനൻ. അമൃതതുല്യമായ ആഹ്ളാദത്താൽ കാവ്യം അവിദ്യയെ ഹനിക്കുന്നു. കാരണം, ഭാരതീയമതമനുസരിച്ചു മോക്ഷപ്രാപ്തിക്കുള്ള ഏകവിഘ്നം അവിദ്യയാണു്. മോക്ഷപ്രാപ്തിയ്ക്കുപയുക്തമാകുമാറു് അവിദ്യയെ നശിപ്പിയ്ക്കുകയാണു കാവ്യധർമ്മം. എന്നാൽ, നിഷ്കൃഷ്ടാർത്ഥത്തിൽ, മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗം മനുഷ്യർക്കുപദേശിച്ചുകൊടുക്കുന്ന സ്ഥാപനം മതമാണു്. കാവ്യം ആ കർത്തവ്യം നിർവ്വഹിക്കണമെന്ന വാദം അവിവേകകരവും അനീതിപരവുമാണെന്നു തോന്നിയേക്കാം. എന്നാൽ, വ്യത്യാസം ഇവയുടെ പ്രവർത്തനരീതിയിലാണു്. മനുഷ്യനെ 'ആഹ്ളാദിപ്പിച്ചു്', കാവ്യഫലമായ രസത്തെ അവികലം സംരക്ഷിച്ചു്, കാവ്യത്തിനുചിതമായ വിധത്തിൽ മോക്ഷപ്രാപ്തി സാധകമായിത്തീർന്നാൽ മതി. മതമാകട്ടെ, രസവും രസക്കേടും നോക്കാതെ ആധികാരികമായി മോക്ഷദായകങ്ങളായ അനുശാസനങ്ങൾ നല്കുകയാണു ചെയ്യുന്നതു്.

## മതവും സന്മാർഗ്ഗവും

ഈശ്വരൻ കഴിഞ്ഞാൽപ്പിന്നത്തെ ശ്രേഷ്ഠങ്ങളായ ശാ

ശ്വതമൂല്യങ്ങളാണു മതവും ധർമ്മശാസ്ത്രവും. മതത്തിന്റെ അടിത്തുണും അസ്ഥിവാരവുംതന്നെയാണു ധർമ്മശാസ്ത്രം. അകയാൽ ധർമ്മശാസ്ത്രത്തെപ്പററിയാണു് ഇവിടെ ചിലതു പറയുവാൻ ഉദ്ദേശിക്കുന്നതു്. അവ മതത്തിനും ബാധകമാണെന്നു പറയേണ്ടതില്ലല്ലോ.

ഈശ്വരപ്രാപ്തിയ്ക്കു് അനപേക്ഷണീയങ്ങളായ അനുശാസനങ്ങളെ ഉൾക്കൊള്ളുകയാലത്രെ ധർമ്മശാസ്ത്രം മനുഷ്യജീവിതത്തിൽ നിസ്തുലമായ പ്രേരണ ചെലുത്തുന്നതു്. കലയില്ലാതെ മനുഷ്യന്റെ സാന്മാർഗ്ഗികജീവിതം സാദ്ധ്യമായേക്കാം. എന്നാൽ, ശാസ്ത്രാനുശാസനങ്ങളില്ലാതെ സാന്മാർഗ്ഗികജീവിതം അസാദ്ധ്യമാണ്. മനുഷ്യത്വത്തിന്റെ ഉരകല്ലാണു സന്മാർഗ്ഗം. അതു മൂല്യങ്ങളുടെ അളവുകോലുമാണു്. മനുഷ്യജീവിതം മുഴുവനും അതിന്മേലാണു കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നതു്. കല സന്മാർഗ്ഗതത്വസംഹിതയേക്കാൾ അപ്രധാനമാണു്. മനുഷ്യനായ കലാകാരനും സന്മാർഗ്ഗം പാലിച്ചേ തീരൂ, ഈശ്വരസാക്ഷാത്ക്കാരത്തിന്. മാത്രമല്ല, സാന്മാർഗ്ഗികാനുശാസനങ്ങളെ ചോദ്യംചെയ്യുന്നതിനോ പുച്ഛിച്ചു പുറന്തള്ളുന്നതിനോ കലാകാരന് അവകാശമില്ല. അങ്ങനെ ചെയ്യുന്നതു് പരിധികളെ ലംഘിക്കുകയാണു്. മൂല്യങ്ങളുടെ വെളിച്ചത്തിൽ, അവന്റെ കല അവിടെ പരാജയപ്പെട്ടുകഴിഞ്ഞു. "ധാർമ്മികശാസനങ്ങളുമായി മല്ലിടുന്ന കല, യഥാർത്ഥത്തിൽ കലയാണെന്നു പറഞ്ഞുകൂടാ............ ധർമ്മശാസ്ത്രത്തിന്റെ ബന്ധനത്തിൽനിന്നു വിമുക്തിനേടാനോ സ്വാതന്ത്ര്യംപ്രാപിക്കാനോ യാതൊരു മനുഷ്യനിർമ്മിതവസ്തുവിനും സാദ്ധ്യമല്ല. ധാർമ്മികശാസ്ത്രത്തിനു ജീവിതത്തിൽ അപ്രതിഹതമായ പരമാധിപത്യമാണുള്ളതു്; കാരണം, അതു സകല മനുഷ്യരും അഞ്ജുപൽകുന്ന ലക്ഷ്യവും, സകല മാനുഷികവ്യാപാരങ്ങളുടേയും പിന്നിലുള്ള പ്രചോദനവുമായ പരമനന്മയെയത്രേ ലക്ഷ്യംവെയ്ക്കുന്നതു്. അതി

നാൽ, കല സന്മാൎഗ്ഗവിരുദ്ധമോ അസാന്മാൎഗ്ഗികമോ ആയിക്കൂടാ.

"........അനന്തവും സമ്പൂർണ്ണവുമായ സൗഭാഗ്യപ്രാപ്തിയാണു മനുഷ്യജീവിതത്തിൻെറ അന്ത്യം. ജീവിതത്തിലെ ഓരോ കൎമ്മവും ഭാവവും വസ്തുതയും മേൽപ്പറഞ്ഞ ലക്ഷ്യപ്രാപ്തിക്കുപയുക്തമായിരിക്കണം. കാരണം, ഏതൊരു വസ്തുവിൻെറയും പ്രഥമകൎത്തവ്യം അതിൻെറ ലക്ഷ്യം പ്രാപിക്കുകയാണു്. ധാർമ്മികനിയമമാകട്ടെ, ജീവിതം അനുയോജ്യമാംവിധം നയിക്കുന്നതിനുള്ള നിയമസംഹിതയാണു്; അവശ്യാനുശാസനങ്ങളാണു്. ആകയാൽ, ഈ നിയമസംഹിതയുമായി യാതൊന്നുംതന്നെ മത്സരിക്കരുതെന്നുമാത്രമല്ല, എല്ലാം അതതിൻെറസ്വഭാവവും കഴിവുമനുസരിച്ചു് ഈ നിയമനിൎവ്വഹണത്തിനായി യത്നിക്കുകൂടി വേണം. തന്മൂലം, കല സന്മാൎഗ്ഗവിരുദ്ധമോ, നിഷ്പക്ഷമോ ആകാതെ, അതിനു ക്രിയാത്മകമായ സഹായവും പിൻതുണയും നല്കേണ്ടിയിരിക്കുന്നു. കല അസാന്മാൎഗ്ഗികമാകരുതു്, സന്മാൎഗ്ഗരഹിതവുമായിരിക്കരുതു്; ക്രിയാത്മകമായും സാന്മാൎഗ്ഗികമായിരിക്കതന്നെ വേണം. അന്യഥാ പറഞ്ഞാൽ, ഒരു മനുഷ്യനെ ലജ്ജാവിവശനാക്കാത്തരീതിയിലുള്ള അന്തസ്സായ സുന്ദരപദപ്രകാശനമായിരിക്കണം; അതവനെ പ്രകാശിപ്പിക്കുകയും, അവൻെറ ഹൃദയത്തേയും മനസ്സിനേയും ഭാവനാശക്തിയേയും തട്ടിയുണൎത്തുകയും ചെയ്യണം. അതവൻെറ പാവനവികാരങ്ങളെ ഉദ്ദീപിപ്പിക്കുകയും, അന്ത്യപ്രാപ്തിയ്ക്കു് അവനെ സഹായിക്കുകയും ചെയ്യും"(1).

മാത്രമല്ല, ധൎമ്മശാസ്ത്രം ഒരു നിരുപാധിക മൂല്യംകൂടിയാണു്. അതിൻെറ ആജ്ഞ വ്യക്തിദേശകാലഭേദമെന്യേ അലംഘനീയമാണു്. ലോങ്ങ്ഹേ എഴുതുന്നു(2): "കല്പി

---

(1) Rev. PAUL, J. GLENN, *Ethics*, p. 185-186.

(2) L. LONGHAYE, *Theoriedes Belles Lettres*, p. 68.

ക്കാൻവേണ്ടിമാത്രം കടന്നുവരുന്നൊരടിസ്ഥാനപ്രമാണമാണു ധർമ്മശാസ്ത്രം. അനുസരിക്കാനോ മനുഷ്യസ്വാതന്ത്ര്യവുമായി സമനിലയിൽപ്പെരുമാറുവാനോ അല്ല അതിന്റെ പുറപ്പാട്. സകലരേയും വിധിക്കുകയും ഭരിക്കുകയും ചെയ്യുന്ന ഒരുന്നത മാനദണ്ഡമായിട്ടേ—സ്വയം നിയമമായി പ്രതിഷ്ഠിക്കുന്ന ഒന്നായിട്ടേ—ഏവനും അതിനെ നോക്കിക്കാണാവൂ. അന്ത്യലക്ഷ്യത്തെക്കുറിച്ചുള്ള പ്രഥമപരിചിന്തനമാണു ധർമ്മശാസ്ത്രം. അന്ത്യലക്ഷ്യം മറ്റെല്ലാത്തിനേയും ഭരിക്കുകയും അളക്കുകയും ചെയ്യുന്നു. അതുപോലെയത്രെ ധർമ്മശാസ്ത്രവും."

ധർമ്മശാസ്ത്രത്തെ ജീവിതത്തിന്റെ പര്യായംതന്നെയായി പരിഗണിക്കുന്നവരുണ്ട്. ജീവിതത്തിലുള്ള അതുല്യമായ ആധികാരികത്വംനിമിത്തം അതിനെ ജീവിതത്തോട് അഭേദം കല്പിച്ചു പരിഗണിക്കുന്നുണ്ട്. ഇതിനൊന്നാംതരമൊരു തെളിവാണു മാത്യൂ ആർനോൾഡിന്റെ വാക്കുകൾ. "ധാർമ്മികതത്വങ്ങൾക്കെതിരായി വിപ്ലവം അഴിച്ചുവിടുന്ന ഒരു കാവ്യം ജീവിതത്തിനെതിരായി വിപ്ളവം അഴിച്ചുവിടുകയാണ്. ധാർമ്മികനിയമങ്ങളോടു നിഷ്പക്ഷത കാണിക്കുന്ന കാവ്യം ജീവിതത്തോടുതന്നെയാണു നിഷ്പക്ഷത കാണിക്കുന്നത്".

## സാഹിത്യത്തിന്റെ സ്വാതന്ത്ര്യപരിധി

സാഹിത്യം ശാശ്വതമൂല്യങ്ങൾക്കു കീഴാണെങ്കിൽ അതിന്റെ സ്വാതന്ത്ര്യത്തിനെന്തർത്ഥമുണ്ട്? സാഹിത്യം സർവ്വതന്ത്രസ്വതന്ത്രയാണെന്നു വാദിക്കുന്നവർ പലപ്പോഴും ചോദിക്കുന്നൊരു ചോദ്യമാണിത്. ഇതിനുപോൽബലകമായി,

"അപാരേ കാവ്യസംസാരേ
കവിരേവ പ്രജാപതി
യഥാസ്മൈ രോചതേ വിശ്വം

തഥേദം പരിവർത്തതേ" (ആനന്ദവർദ്ധനൻ, ധ്വന്യാലോകം.) എന്ന ഗീർവാണസിദ്ധാന്തം തട്ടിമൂളിക്കാനും അവർക്ക മടിയില്ല.

("അപാരമായ കാവ്യലോകത്തിൽ കവി ഒരുത്തനത്രേ ഈശ്വരൻ. അദ്ദേഹത്തിനിഷ്ടമുള്ളതുപോലെ ലോകം പരിവർത്തനം ചെയ്യുന്നു.")

ശരിയാണ്, സർഗ്ഗവ്യാപാരത്തെ കണക്കിലെടുക്കുമ്പോൾ കവി ഈശ്വരതുല്യനാണെന്ന് അനേകം കാവ്യമീമാംസകർ പറഞ്ഞുവച്ചിട്ടുള്ളത് ഇവിടെ നിരസിക്കുന്നില്ല(1). എന്നാൽ, അതിൻെറ അടുത്ത ഖണ്ഡികകളിൽ അവർ പറഞ്ഞിട്ടുള്ളതും അവഗണിക്കാൻ പാടുള്ളതല്ല—കവി പ്രജാപതിതന്നെ. പക്ഷേ, വളരെ അപൂർണ്ണനും, പരാധീനനുമായൊരു പ്രജാപതിയാണവൻ. ഒരു പൂവോ ഒരു തുണ്ടു കടലാസോ ഒരുതുള്ളി മഷിയോ കൂടാതെ ഒരുവരി കവിതയെഴുതുവാൻ മനുഷ്യനായ കവിയ്ക്കു കഴിവില്ല. ആദി കവിയായ ഈശ്വരനതാവശ്യമില്ല. അതിനാൽ ഉപരി ഉദ്ധരിച്ച സംസ്കൃതകാരികയുടെ വാച്യാർത്ഥമെടുത്തുകൊണ്ടു മനുഷ്യകവിയെ ഈശ്വരനോടഭേദം കല്പിച്ചു പറയുന്നതു പന്തിയായിരിക്കുകയില്ല.

വേറൊന്ന്: തോന്നുന്നതെല്ലാം കാട്ടിക്കൂട്ടാനുള്ള ലൈസൻസല്ല സ്വാതന്ത്ര്യം. അങ്ങനെ കരുതുന്നവരുണ്ട്. പൊതുനിരത്തുകളിൽക്കൂടി കാറോടിക്കാൻ ഡ്രൈവർക്കു സ്വാതന്ത്ര്യമുണ്ട്. എന്നാൽ, വഴിയേ പോകുന്ന സ്കൂൾക്കുട്ടികളുടെ പുറത്തുകൂടി കാറു പായിക്കുവാൻ ആ സ്വാതന്ത്ര്യം ഉപയോഗിച്ചുകൂടാ. ഇതിൽനിന്നും അയാൾക്കു കാറോടിക്കുവാൻ സ്വാതന്ത്ര്യമില്ലെന്നു വരുന്നുണ്ടോ?

---

(1) J. MARITAIN, *Creative Intuition in Art & Poetry*, p. 113.

വ്യക്തിസ്വാതന്ത്ര്യവും (personal freedom) സാമൂഹ്യസ്വാതന്ത്ര്യവും (social freedom) രണ്ടും രണ്ടാണു്; ഒന്നല്ല. മനുഷ്യനു് ഒരു പരിധിവരെ വ്യക്തിസ്വാതന്ത്ര്യങ്ങൾ അനുവദിച്ചിട്ടുണ്ടു്. ഉദാഹരണമായി, ഞാൻ സിഗററു് ഉപയോഗിച്ചാലും ബീഡി ഉപയോഗിച്ചാലും പൊതുജനങ്ങൾക്കതിൽ കൈകടത്താൻ അവകാശമില്ല. അതെൻെറ ഇഷ്ടമാണു്; എന്നെമാത്രം ബാധിക്കുന്ന കാര്യവുമാണു്. അതുപോലെ എൻെറ മീശ വളൎത്തണമെന്നോ വളൎത്തരുതെന്നോ കല്പിക്കാനും മററാൎക്കും കാര്യമില്ല. അങ്ങനെ അനുശാസിക്കാൻവരുന്നവനോടു്, "എനിക്കിഷ്ടമുള്ളതുപോലെ ഞാൻ ചെയ്യും, തനിക്കെന്തു കാര്യം?" എന്നാവും എൻെറ ചോദ്യം. ഇതും ഇതുപോലൊരു നൂറുകൂട്ടവും വ്യക്തിഗതസ്വാതന്ത്ര്യത്തിൻെറ പരിധിയ്ക്കുള്ളിലാണു്. അവ സാധാരണഗതിയിൽ ചോദ്യംചെയ്യപ്പെടാനാവില്ല. എന്നാൽ വ്യക്തിസ്വാതന്ത്ര്യത്തിൻെറ മണ്ഡലത്തിനപ്പുറത്തു് ഈ സ്വീകൃതാവകാശങ്ങൾക്കെല്ലാം രൂപഭേദങ്ങളുണ്ടാകും. ഉദാഹരണത്തിനു്, സംസാരസ്വാതന്ത്ര്യത്തിൻെറപേരിൽ, ഞാനെൻെറ അയൽക്കാരൻെറമേൽ അന്യായമായി ശകാരവൎഷം നടത്തുന്നു എന്നു വിചാരിക്കുക. അടുത്ത ക്ഷണത്തിൽത്തന്നെ, എൻെറ സംസാരസ്വാതന്ത്ര്യം ഞാൻ ദുരുപയോഗിക്കുന്നു എന്നും, തന്മൂലം ഞാൻ ശിക്ഷാൎഹനാണു് എന്നും എനിക്കു താക്കീതു കിട്ടും.

വ്യക്തിസ്വാതന്ത്ര്യം സാമൂഹ്യസ്വാതന്ത്ര്യത്തെ അവഗണിച്ചുകളഞ്ഞതാണിവിടത്തെ കുററം. എൻെറ സ്വാതന്ത്ര്യസംരക്ഷണാൎത്ഥം ഞാൻ അന്യൻെറ സ്വാതന്ത്ര്യത്തെ കൈയ്യേററം ചെയ്തു. എന്നെ മാത്രമേ ഈ പ്രവൃത്തികൾ ബാധിക്കുമായിരുന്നുള്ളുവെങ്കിൽ കുഴപ്പമുണ്ടാകയില്ലായിരുന്നു. എന്നാൽ, വ്യക്തി സമൂഹത്തിൽ പ്രവേശിക്കുന്നതോടെ എല്ലാ വ്യക്തിസ്വാതന്ത്ര്യങ്ങളും അപ്പാടെ പാലിക്കുവാൻ സമൂ

ഹം അവനെ അനുവദിക്കുകയില്ല. പലരുള്ള ഒരു സമൂഹത്തിൽ അവശ്യം വ്യക്തിസ്വാതന്ത്ര്യത്തിനു ചില അതിർത്തികളുണ്ടു്. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഓരോരുത്തനും വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഒരംശം ബലി കഴിക്കേണ്ടിവരുന്നു. സ്വാതന്ത്ര്യം വ്യക്തിഗതംമാത്രമല്ല, സാമൂഹ്യംകൂടിയാണു്. വിവിധ താല്പര്യങ്ങളെ ബോധപൂർവ്വം ക്രമവത്ക്കരിക്കുന്നതിലാണു് അതിന്റെ നിലനില്പ്. ഓരോ വ്യക്തിയ്ക്കും തുല്യസ്വാതന്ത്ര്യമുള്ള സമൂഹത്തിൽ ഒരുത്തനും ഏകാധിപതിയോ അടിമയോ ആകുക സാദ്ധ്യമല്ലതന്നെ.

സാഹിത്യത്തിന്റെ കാര്യത്തിലും ഈ സത്യങ്ങൾ അചഞ്ചലങ്ങളാണു്, ആദരണീയങ്ങളാണു്. ജീവിതത്തിൽ പല മൂല്യങ്ങളുണ്ടു്. അതിൽ ഒന്നുമാത്രമാണു കല. സമൂഹത്തിൽ ആൎക്കും പരമാധിപത്യമില്ലാത്തതുപോലെ, കലയ്ക്കും ജീവിതത്തിൽ പരമാധിപത്യമില്ല. കല പരമാധിപത്യച്ചെങ്കോലുമായി വന്നാൽ കീഴടങ്ങിക്കൊടുക്കാൻ മററു മൂല്യങ്ങൾ തയ്യാറാകില്ല. മാത്രമല്ല, കല ജീവിതത്തിലെ ഒരു കാലികമൂല്യംമാത്രമായിരിക്കെ, അതു നടത്തുന്ന പരിധിലംഘനവും സാമൂഹ്യസ്വാതന്ത്ര്യധ്വംസനവും എന്തൊരനീതി ആയിരിക്കും! അതിനാലത്രേ കല എപ്പോഴും ചില നിയന്ത്രണങ്ങൾക്കധീനമായിരിക്കണമെന്നു മാരിറെറയിൻ പറയുന്നതു്(1).

## സാഹിത്യകാരനും അനുവാചകരും

അസാന്മാൎഗ്ഗിക കൃതികൾ രചിക്കുന്ന കലാകാരൻ തെററുകാരനാണെന്നു നാം തെളിയിച്ചു. കലാനിർമ്മാണം ഒരു സ്വതന്ത്രപ്രവൃത്തിയാകയാൽ അതിന്റെ നന്മയ്ക്കും തിന്മയ്ക്കും ഉത്തരവാദി കലാകാരൻതന്നെയാണു്. അതിനുള്ള സമ്മാ

---

(1) Cf. J. MARITAIN, *Art & Scholasticism*, p. 75, 130.

നവും ശിക്ഷയും അയാൾക്കുതന്നെ. അനുവാചകരോടും കലാകാരനൊരു കടമയുണ്ട്. അസാന്മാർഗ്ഗിക കലാവ്യാപാരംവഴി കലാകാരൻ സമൂഹത്തോട് അപരാധം ചെയ്യുന്നതെങ്ങനെയെന്നു മാരിറെറയിൻ വിവരിച്ചുദാഹരിക്കുന്നുണ്ട്. "പാപംചെയ്യാതെ ആസ്വദിക്കുക ദുസ്സാധമോ കലാസൃഷ്ടി, തീർച്ച, അതിൻെറ നിർമ്മാണത്തോടെ പിഴച്ചുകഴിഞ്ഞു, കലാകാരൻ. കാരണമിതാണ്, പ്രതിമാരാധനക്കു വിഗ്രഹങ്ങൾ നിർമ്മിക്കുന്നവനു തുല്യനാണയാൾ"(1).

എന്നാൽ, ഒന്നോ രണ്ടോ പേക്കുവേണ്ടിയല്ല സാഹിത്യകാരൻ ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതു്; ലോകത്തിനു മുഴുവൻ വേണ്ടിയാണ്. അപ്രതിഹതവും അപരിമിതവുമായ ഒരു സ്വാധീനശക്തിയാണ് അയാൾ തൻെറ കൃതികളിൽ നിക്ഷേപിക്കുന്നതു്. അതു് അനുവാചകരിലുളവാക്കുന്ന അനുരണനം പലപ്പോഴും അയാളുടെ അനുമാനത്തെ അതിശയിച്ചെന്നും വരും. ഗ്രന്ഥകാരനു ദുരൂഹമായിരിക്കുന്ന ആശയാർത്ഥങ്ങൾ വായനക്കാർതന്നെ ഗ്രന്ഥത്തിൽ കൂട്ടിച്ചേർക്കുന്നുണ്ടെന്നു പ്രസിദ്ധ ഫ്രഞ്ചുനോവലിസ്റ്റായ ഫ്രാൻസ്വാമോറിയാക്ക് അഭിപ്രായപ്പെടുന്നു(2). ഇപ്പറഞ്ഞതു പരമാർത്ഥമെങ്കിൽ എത്രഭീമമായ ഉത്തരവാദിത്വമാണു സാഹിത്യകാരൻ സ്വന്തം ചുമലുകളിൽ പേറുക; അസാന്മാർഗ്ഗികത എഴുതിവിടുന്ന സാഹിത്യകാരൻ എത്ര കഠോരമായ അപരാധമാണു ചെയ്യുന്നതു്!

## വിദ്യാഭ്യാസമണ്ഡലം

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ സാഹിത്യകൃതികൾക്ക് അതിപ്രധാനമായൊരു പങ്കു വഹിക്കാനുണ്ട്.

(1) J. MARITAIN, *Art & Scholasticism*. p. 75.

(2) Cf. FRANCIS MAURIAC, *God & Mammon*, p. 52. Cf. also p. 57.

സാഹിത്യകാരൻ അദ്ധ്യാപകനല്ലെന്നോ സന്മാർഗ്ഗോപദേഷ്ടാവല്ലെന്നോ പറഞ്ഞതുകൊണ്ടു വിശേഷമില്ല. തന്റെ സാഹിത്യകൃതികൾ പുറപ്പെടുവിക്കുന്ന ഫലങ്ങൾക്കു മനുഷ്യനെന്ന നിലയിൽ അയാൾ ഉത്തരവാദിയാണു്. അതുകയാൽ സാമൂഹ്യജീവിതഭദ്രതയ്ക്കെതിരായേക്കാവുന്നവ പരിത്യജിക്കുവാൻ അയാൾക്കു ചുമതലയുണ്ടു്. നല്ല പൗരന്മാരെ കരുപ്പിടിപ്പിക്കുന്നതിനു സാഹിത്യകൃതികൾക്ക് എത്രമാത്രം കഴിവുണ്ടെന്ന് ഒരു സാഹിത്യകാരൻ വിശദമാക്കുന്നതുനോക്കു: "മേത്തരക്കാരിലും ഇടത്തരക്കാരിലുമുള്ള ബഹുശതം യുവജനങ്ങൾക്കു സാന്മാർഗ്ഗികപ്രബോധനങ്ങൾ ലഭിക്കുന്നതു്, നോവലുകളിൽനിന്നാണെന്നു പറഞ്ഞാൽ നിങ്ങളെന്നെ പരിഹസിച്ചേക്കാം. മാതാക്കളുടെ മധുരസുഭഗമായ ഉപദേശത്തേയും പിതാക്കളുടെ ഉത്തമമാതൃകകളേയും പാഠശാലാഗുരുക്കന്മാരുടെ പ്രബോധനവൈശിഷ്ട്യത്തേയും വാനോളം വാഴ്ത്തേണ്ടതുതന്നെ. താദൃശമാതാപിതാക്കന്മാരും അദ്ധ്യാപകരുമുള്ള രാജ്യം അനുഗൃഹീതംതന്നെ. പക്ഷേ, അദ്ധ്യാപകനേക്കാളും അച്ഛനേക്കാളും, അമ്മയേക്കാളും സമീപസ്ഥനായ ഒരാൾ നമ്മുടെ യുവശിഷ്യനുണ്ടു്—നോവലിസ്റ്റ്. അവൻ സേച്ഛയാ തിരിഞ്ഞെടുക്കുന്നൊരു അധ്യാപകനാണു നോവലിസ്റ്റ്"(1). ഒരു പച്ചപ്പരമാൎത്ഥമാണിതു്. അധികമാളുകളും സാഹിത്യഗ്രന്ഥങ്ങളിൽനിന്നാണു തങ്ങളുടെ ജീവിതവീക്ഷണവും സംസ്കാരവും സ്വീകരിക്കുന്നതു്. പ്രസ്തുത ഗ്രന്ഥകാരന്മാർക്കു് അനുവാചകരോടു യാതൊരുത്തരവാദിത്വമില്ലെന്നു പറയാമോ? വിവേകവും പക്വബുദ്ധിയും അതിനു സമ്മതിക്കുകയില്ല.

---

(1) Quoted in I. A. RICHARDS: *Principles of Literary Criticism*, pp. 229-233.

## ആനന്ദാപഗ്രഥനം

സാഹിത്യത്തിൽ സന്മാർഗ്ഗം അനുപേക്ഷണീയമാണെന്നു്, സാഹിത്യസ്വഭാവത്തിൻെറ വിശകലനംവഴി വിശദമാക്കാം. പല സമർത്ഥനരീതികളുണ്ടെങ്കിലും സ്ഥലപരിമിതിനിമിത്തം അവയിലൊന്നുമാത്രമേ ഇവിടെ സ്വീകരിക്കുന്നുള്ളു. സാഹിത്യത്തിൻെറ അന്തിമകാരണ (final cause) മായ ആനന്ദത്തെ അപഗ്രഥിക്കുകയാണുദ്ദേശം.

സാഹിത്യത്തിൻെറ അന്ത്യം ആനന്ദമാണെന്നുള്ളതു കാവ്യമീമാംസയിലെ സനാതനനിയമാണു്. എന്താണു സാഹിത്യാസ്വാദനത്തിൽനിന്നുൽഭൂതമാകുന്ന ആനന്ദത്തിൻെറ സ്വഭാവം? മധുരഫലാഹാരമാസ്വദിക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദത്തിനു തുല്യമാണോ അതു്? അല്ലെന്നു തോന്നുന്നു. അങ്ങനെ വല്ലതുമായിരുന്നെങ്കിൽ, മൃഗങ്ങൾക്കും സാഹിത്യം ഉണ്ടാകുമായിരുന്നു! ആനന്ദം ഭക്ഷ്യഭോജ്യങ്ങളോടു തുല്യമല്ല. ഐന്ദ്രികാനന്ദത്തേക്കാൾ ഉന്നതമായ എന്തോ സാഹിത്യത്തിലുണ്ടു്. അതു് ദാർശനികചിന്താമേഖലയിലേ നിരുപാധികബുദ്ധിവ്യാപാരവുമല്ല. സാഹിത്യം തനി തത്വശാസ്ത്രമായിക്കൂടാ. സാഹിത്യത്തിൽ ബുദ്ധിവ്യാപാരമുണ്ടു്; വികാരത്തിൻെറ കവിഞ്ഞൊഴുകലുമുണ്ടു്; ഇന്ദ്രിയവ്യാപാരങ്ങളുടെ ആനന്ദനിർവൃതിയുമുണ്ടു്—അതെ, സാഹിത്യത്തിൽ മനുഷ്യനിലുള്ള എല്ലാ വ്യാപാരങ്ങളുമുണ്ടു്. ഒററവാക്കിൽ, മനുഷ്യനാണു സാഹിത്യവിഷയം. സമഗ്രമനുഷ്യനെ ആനന്ദിപ്പിക്കുകയാണു സാഹിത്യത്തിൻെറ സ്വഭാവം.

സാഹിത്യത്തിൽ ഇന്ദ്രിയാനന്ദങ്ങൾമാത്രം മതിയെന്നു വാദിച്ചവരാണു "കല കലയ്ക്കുവേണ്ടി" എന്ന കോലാഹലം മുഴക്കിയതു്. ഒസ്കാർവൈൽഡു്, ജോർജ്ജ്മൂർ, അനറോൾ ഫ്രാൻസ്, ജെയിംസ് ബ്രാഞ്ച്കാബേൽ മുതലായവർ പരിപാവനമായ കലാക്ഷേത്രത്തെ വെറും മൃഗീയപ്രവണതകളു

ടെ വ്യാപാരശാലയാക്കാൻ വ്യഗ്രത കാണിച്ചു. കല കലയ്ക്കു വേണ്ടി എന്നു വാദിക്കുന്നവർ യാഥാർത്ഥ്യസ്വഭാവമോ മനുഷ്യവ്യക്തിത്വസ്വഭാവമോ ശരിക്കു മനസ്സിലാക്കാത്തവരാണ്. മനുഷ്യനെ—അവിഭാജ്യനായ മനുഷ്യനെ—വിഭജിക്കുവാൻ ശ്രമിക്കുന്നവരാണവർ.

മനുഷ്യൻ ഐന്ദ്രികജീവിമാത്രമായിരുന്നെങ്കിൽ ഈ സിദ്ധാന്തം വിലപ്പോയേനേ. ഐന്ദ്രിയമാത്രമായൊരാനന്ദ സിദ്ധാന്തം സാഹിത്യത്തിൽ അനുവദിക്കുന്നതിനെ ഉത്തമ സാഹിത്യകാരന്മാരെല്ലാം എതിർത്തിട്ടുണ്ട്. തന്മൂലം, ഈ പ്രസ്ഥാനംതന്നെ സാഹിത്യവേദിയിൽ ഇന്ന് ഉർദ്ധശ്വാസം വലിക്കുകയാണ്. ആധുനികാംഗ്ലേയസാഹിത്യനിരൂപകനായ ഐ. ഏ. റിച്ചർഡ്സ് തൻെറ വിശ്രുതഗ്രന്ഥമായ 'സാഹിത്യവിമർശനത്തിൻെറ തത്വങ്ങ' (Principles of Literary Criticism) ളിൽ ഇപ്രകാരം എഴുതുന്നു(1): "No hedonic theory of value will fit the facts over even a small part of the field, since it must take what is a concomitant merely of a phase in the process of satisfaction as the mainspring of the whole. Pleasure, however, has its place in the whole account of values, and an important place . . . But it must not be allowed to encroach on ground to which it has no right."

അപ്പോൾ ഇന്ദ്രിയങ്ങളെമാത്രം ആനന്ദിപ്പിക്കുന്ന സാഹിത്യം ശരിയായ ലക്ഷ്യം പ്രാപിക്കുന്നില്ല. വികാരങ്ങൾക്കു സാഹിത്യത്തിൽ വലിയൊരു സ്ഥാനമുണ്ട്. ബുദ്ധിക്കും സാഹിത്യത്തിൽ അനിഷേധ്യമായൊരു പ്രാധാന്യമുണ്ട്. അതിനു കാരണം അന്വേഷിച്ച് അകലെയെങ്ങും പോകേണ്ടതി

---

(1) I. A. RICHARDS, op. cit, p. 70. Cf. also p. 9

ല്ല. സാഹിത്യസൃഷ്ടിക്കാസ്പദമായ സൗന്ദര്യത്തെ പ്രകൃതിവസ്തുക്കളിൽനിന്നാഗിരണം ചെയ്യുന്നതു ബുദ്ധിയാണു് (see p. 30). പ്രായോഗികബുദ്ധിയാണു മനുഷ്യനിലെ സൗന്ദര്യഗ്രഹണശക്തി. സാഹിത്യത്തിന്റെ ഊടും പാവുമോ, ഭാഷയും. അതിൽത്തന്നെ ആശയസംവാഹിയാണു് ഭാഷ. ആശയാവിഷ്ക്കരണത്തിനും അർത്ഥഗ്രഹണത്തിനും ബുദ്ധി ആവശ്യമാണെന്നിരിക്കെ, സാഹിത്യോപാസന ഒരു ബൗദ്ധികവ്യാപാരംകൂടി അല്ലെന്നു വരുമോ?

അപ്പോൾ ഉത്തമസാഹിത്യത്തിൽ ബൗദ്ധികവും, വൈകാരികവും ഐന്ദ്രികവുമായ ആനന്ദം ശരിയായ അനുപാതത്തിൽ അന്തർഭവിച്ചിരിക്കണം. അതായതു്, സാഹിത്യം ആഹ്ളാദിപ്പിക്കേണ്ടതു ഭാഗികമനുഷ്യനെയല്ല, സമ്പൂർണ്ണമാനുഷ്യനെയാണു്—ഒററവാക്കിൽ പറഞ്ഞാൽ, ആഹ്ളാദം മാനുഷികമായിരിക്കണം. എങ്കിൽ, സാഹിത്യത്തിലേ ഐന്ദ്രികാനന്ദം ശ്വാസംമുട്ടിക്കുകയോ ബൗദ്ധികവിചാരം മനസ്സുമടുപ്പിക്കുകയോ ഇല്ല. സമ്പൂർണ്ണമനുഷ്യനെ ആഹ്ളാദിപ്പിക്കുന്ന സാഹിത്യം അവശ്യം സന്മാർഗ്ഗികവുമായിരിക്കും. മനുഷ്യനെക്കുറിച്ചുള്ള ശരിയായ വീക്ഷണഗതിയിൽനിന്നുമാത്രമേ ഇപ്രകാരം അവികലമായൊരു സാഹിത്യം പൊട്ടിവിരിയുകയുള്ളൂ. ഈ വീക്ഷണഗതിയുടെ സ്വഭാവമെന്തെന്നു റീയലിസത്തെ ചർച്ചചെയ്യുന്നിടത്തു പരാമർശിക്കുന്നതാണു്.

കലയിൽ ഉത്തമസംസ്കാരം—സന്മാർഗ്ഗം—ഉണ്ടായിരുന്നാലേ ശരിയായ ആഹ്ളാദദായകത്വം സാദ്ധ്യമാകൂ എന്നാണിതിൽനിന്നു വെളിവാകുക. മലയാളത്തിലെ അദ്വിതീയനിരൂപകനായ ജോസഫ് മുണ്ടശ്ശേരി ഈ വാദഗതി ശക്തിയുക്തം സ്ഥാപിച്ചിരിക്കുന്നതു നോക്കുക: "അപ്പോൾ ബഹുമൂല്യമായ ആ സംസ്കാരത്തെ സഹൃദയനിലേക്കു പകരുകയെന്നതു് ഉദ്ദേശവും ഹൃദയം നിർവൃതമാവുകയെന്നതു് ആ സംസ്കാരമൂല്യത്തിന്റെ ജ്ഞാപകവും ആയി എണ്ണേണ്ടിയി

രിക്കുന്നു. നിത്യാനുഭവങ്ങളിലെന്നപോലെ ഉദ്ദേശഫലങ്ങൾ വേർതിരിക്കുവാൻ പ്രയാസമാകയാൽ കലകളെസംബന്ധിച്ചിടത്തോളം രണ്ടും രസമെന്ന (ആനന്ദം) തിലടക്കിയെന്നതേ കരുതേണ്ടതുള്ളൂ"(1). പോരേ? രസമാണു സാഹിത്യലക്ഷ്യം." സന്മാർഗ്ഗത്തിനും ആനന്ദത്തിനും സൗകര്യാർത്ഥം കൊടുത്ത പൊതുനാമമാണു രസം. അപ്പോൾ സാഹിത്യത്തിൽ രസം വേണമെന്നു പറയുമ്പോൾ, സന്മാർഗ്ഗം വേണമെന്നു പ്രത്യേകം പറയേണ്ടതുണ്ടോ?

രസദാനത്തിന്റെ മനഃശാസ്ത്രം എടുത്തു നോക്കിയാലും മേൽപ്പറഞ്ഞ നിഗമനത്തിൽത്തന്നെ ചെന്നു പററാം. മനുഷ്യൻ ഒരു ചെറിയ ലോകമാണെന്നു് ഏതോ ഒരു താത്വികൻ പറഞ്ഞിട്ടുണ്ടു്. അവനിലില്ലാത്ത വസ്തുക്കൾ ലോകത്തിലില്ല. രസത്തെക്കുറിച്ചു പറഞ്ഞാൽ, അതിന്റെ കലവറയാണു മനുഷ്യമനസ്സു്. സാഹിത്യത്തിൽ വ്യപദേശിക്കപ്പെടുന്ന ആലംബനോദ്ദീപനഭാവങ്ങളും വിഭാവാനുഭാവസഞ്ചാരിവികാരങ്ങളുമെല്ലാം മനുഷ്യമനസ്സിൽ സംസ്കാരരൂപേണ ലയിച്ചുകിടപ്പുണ്ടു്. അതുകൊണ്ടാണു് അവയെ സാഹിത്യത്തിലൂടെ പുനരാവിഷ്കരിക്കുന്നതിനു മനുഷ്യനു കഴിയുന്നതു്. ഈ മനോഭാവങ്ങൾ മനസ്സിൽ സുപ്താവസ്ഥയിലാണു സ്ഥിതിചെയ്യുക. അവയെ തട്ടിയുണർത്തി നവോന്മേഷം നല്കുകയേ സാഹിത്യകൃതി ചെയ്യുന്നുള്ളൂ. സാഹിത്യത്തിൽ ഉത്തമസംസ്കാരമുണ്ടെങ്കിലേ മനസ്സിലെ ഭാവങ്ങൾ ഉണരൂ; കാരണം, അവ സംസ്കാരഭാവങ്ങളാണു്(2). സാഹിത്യകൃതിയിലെ ഉത്തമസംസ്കാരത്തിനു മനുഷ്യമനസ്സിൽനിന്നുള്ള പ്രത്യുൽഗാരമാണു രസം അഥവാ ആനന്ദാനുഭൂതി(3).

---

(1) ജെ. മുണ്ടശ്ശേരി, കാവ്യപീഠിക, p. 40-41.

(2) Cf. ജെ. മുണ്ടശ്ശേരി, ഉദ്ധൃതഗ്രന്ഥം p. 40.

(3) Cf. Ibid, p. 34.

## ഡിഡാക്ററിസിസം (Didacticism)

സാഹിത്യം സാന്മാർഗ്ഗികമായിരിക്കണമെന്നു പറഞ്ഞു. ഇതിൽനിന്നു സാഹിത്യം സന്മാർഗ്ഗം പഠിപ്പിച്ചുകൊള്ളണമെന്നുണ്ടോ? ഉണ്ടെന്നു വാദിച്ചവരാണു് ഇംഗ്ലീഷിൽ 'ഡിഡാക്റ്റിസിസം' എന്നറിയപ്പെടുന്ന ഔപദേശികസിദ്ധാന്തത്തിൻെറ പ്രണേതാക്കൾ. ഈ വാദഗതി തെററാണു്. സാഹിത്യത്തിൻെറ അന്ത്യം ആനന്ദമാണു്. പ്രബോധനം നല്കുക അതിൻെറ കടമയല്ല. അങ്ങനെ ചെയ്യുക സന്മാർഗ്ഗശാസ്ത്രത്തിൻെറ ജോലി ഏറെറടുക്കുകയായിരിക്കും.

എന്നാൽ, സാഹിത്യത്തിൽനിന്നുൽഭൂതമാകുന്ന ആനന്ദം, നാം പറഞ്ഞതുപോലെ, ബൗദ്ധികംകൂടിയാകയാൽ സാഹിത്യത്തിൽ പ്രബോധനാംശം ഉണ്ടായിരിക്കും. അപ്പോൾ എന്താണു ചെയ്യുക? സാഹിത്യത്തിൽ പ്രത്യക്ഷമായ പ്രബോധനം പാടില്ല. പരോക്ഷമായ പ്രബോധനമുണ്ടാകാം. ഉണ്ടായിരിക്കുകയും വേണം. അന്യഥാ പറഞ്ഞാൽ, സാഹിത്യം പ്രബോധനാത്മകമാകാം; എന്നാൽ പ്രബോധനമാകരുതു്. ഹാരൾഡ് ഗാർഡിനറുടെ വാക്കുകളിൽ പറയാം: "സാഹിത്യം പ്രബോധനം നടത്തും: അതു നിഷേധിക്കവയ്യ. പക്ഷേ, പ്രബോധിപ്പിക്കുകയാണെന്നൊരിക്കലും തോന്നരുതു്"(1).

താദൃശമായ പരോക്ഷപ്രബോധനം നോവലുകളിൽപ്പോലും പ്രകടമാണു്. ഋജുവും സമഗ്രവുമായ ജീവിതവീക്ഷണമുള്ളവർക്കേ ഈദൃശകൃതികൾക്കു രൂപംകൊടുക്കുവാൻ കഴിയൂ എന്നു മാത്രം. റീയലിസത്തിൻെറ ലേബലുമായി പുറത്തിറങ്ങുന്ന ദുഷിച്ച പ്രേമകഥകളിൽ ഒരുപക്ഷേ, ഇപ്പറഞ്ഞ പ്രബോധനാത്മകത്വം കാണുകയില്ലായിരിക്കാം. നാച്ചുറലിസ്റ്റിക്ക് കഥകളിലും അതുണ്ടെന്നു വരില്ല.

---

(1) H, C. GARDINER, op. cit. p. 75.

പ്രബോധനാത്മകതയ്ക്കുദാഹരണങ്ങളാണ്, എലിയററിൻേറയും ഷേക്സ്പീയറിൻേറയും ഗ്രഹാംഗ്രീനിൻേറയും ഫ്രാൻസ്വാമോറിയാ(1)ക്കിൻേറയും സാഹിത്യകൃതികൾ. മലയാളത്തിലാണെങ്കിൽ, വള്ളത്തോളിൻെറ "മഗ്ദലനമറിയം" ഒരൊന്നാംതരം പ്രബോധനാത്മകഖണ്ഡകാവ്യമാണ്. ഗഹനസുന്ദരമായൊരാശയത്തെ കലാഭംഗിക്കല്പവും കോട്ടം തട്ടാതെ ആവിഷ്ക്കരിച്ചിരിക്കുന്നു എന്നതാണിതിൻെറ വിജയം. ആശാൻെറ അപാരമായ കാവ്യസാഗരത്തിൽ പ്രബോധനാത്മകതയുടെ എത്ര വെൺമുത്തുകൾ കുമിഞ്ഞുകൂടിയിട്ടില്ല!

## ചില പ്രായോഗികനിഗമനങ്ങൾ

പരിമിതനായ മനുഷ്യനാണോ കലാകാരൻ, അവശ്യം, കലാസൃഷ്ടിയിലും കാണും അപൂർണ്ണതയുടെ നിഴലാട്ടങ്ങളുടനീളം. അവ അപ്പാടെ ഗ്രന്ഥത്തെ അസാന്മാർഗ്ഗികമാക്കുന്നില്ല. എങ്കിൽ, എന്തു മാനദണ്ഡം സ്വീകരിച്ച് ഇത്തരം കൃതികൾക്കു വിലകുറിക്കും?

### 1. ഗ്രന്ഥവും ഗ്രന്ഥകർത്താവും

നിരൂപണവിഷയം ഗ്രന്ഥമാണ്, ഗ്രന്ഥകർത്താവല്ല. പലരും ഈ പരമാർത്ഥം മറന്നുപോകുന്നു. ചില നിരൂപകർ ഗ്രന്ഥകർത്താവിനെ ഇഞ്ചിഞ്ചായി തേജോവധം ചെയ്യുകലയാനാണു പുറപ്പെടുക. നിരൂപകൻെറ നിലപാടുകളെ അംഗീകരിക്കാത്ത ഗ്രന്ഥകർത്താവു രക്ഷപെടുകതന്നെ പ്രയാസം!

---

(1) വിശദവിവരങ്ങൾക്കു ശ്രീമാൻ പി. ററി. ചാക്കോ എഴുതിയ "തിന്മ: പ്രശ്നവും രഹസ്യവും" എന്ന ലേഖനം കാണുക. കതിരൊളി, 19o2 ആഗസ്റ്റ് 15, p. 24-27).

ഗ്രന്ഥകാരന്റെ കുടുംബപാപ്പരത്തവും രഹസ്യജീവിതത്തിലെ സാന്മാൎഗ്ഗികത്തകർച്ചകളുമെല്ലാം എണ്ണിയെണ്ണി വിവരിക്കുന്ന നിരൂപണലേഖനങ്ങളാണപ്പോൾ പുറത്തുവരിക. ഗ്രന്ഥകാരന്റെ അഭിപ്രായങ്ങളെ ശരിക്കു പരിശോധിക്കുവാനുള്ള ഒരു പരിശ്രമംപോലും നിരൂപകൻ നടത്തിയില്ലെന്നു വരും.

വാസ്തവത്തിൽ, നിരൂപണത്തിന്റെ അടിസ്ഥാനമാന ദണ്ഡങ്ങളെപ്പോലും മാനിക്കാത്ത ഇത്തരം നിരൂപണങ്ങൾ സംഹാരപരങ്ങളാണു്. ഒരു ഗ്രന്ഥം അസാന്മാൎഗ്ഗികമാണെന്നു കരുതി ഗ്രന്ഥകാരനും അങ്ങനെയായിരിക്കണമെന്നില്ല. നല്ല ആളുകൾ അസാന്മാൎഗ്ഗികഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടു്; അസാന്മാൎഗ്ഗികൾ നല്ല കൃതികളും. അതുകൊണ്ടു്, ഗ്രന്ഥകൎത്താവിനെ മാററിനിറുത്തിയിട്ടു്, മുമ്പിലിരിക്കുന്ന ഗ്രന്ഥത്തെസ്സംബന്ധിച്ച വസ്തുനിഷ്ഠമായ വിധിതീർപ്പു നടത്തണം.

## 2. ഗ്രന്ഥവും സാന്മാർഗ്ഗികസമഗ്രതയും

ഒന്നോ രണ്ടോ സാന്മാൎഗ്ഗികാപചയങ്ങൾ ഒരു കൃതിയെ അസാന്മാൎഗ്ഗികമാക്കുന്നില്ല. തിന്മ നന്മയിലേ സ്ഥിതിചെയ്യുകയുള്ളു. കാരണം, തിന്മ ഒരു ഭാവമല്ല, അഭാവമാണു്— ശൂന്യതയാണു്. അതിനതിൽത്തന്നെ അസ്തിത്വമില്ല; അതിന്റെ ആധാരം നന്മയാണു്. അതിനാൽ ഒരു കൃതിയിൽ തിന്മയുണ്ടെന്നുവച്ചു് അതപ്പാടെ തിന്മയാണെന്നു വരുന്നില്ല. അതു പരിപൂൎണ്ണനന്മയല്ലെന്നുമാത്രം. സീമിതനന്മ (finite good) യിൽ തിന്മയും ഉണ്ടാകാം. സാഹിത്യകൃതിയും ഒരു സീമിതനന്മയാണു്. അതിലും തിന്മ ഉണ്ടാകാം. അങ്ങനെയുള്ള ഏതാനും തിന്മകൾ അതിനെ അപ്പാടെ തിന്മയാക്കുന്നില്ല, അപ്പാടെ നന്മയാകാൻ അനുവദിക്കാതിരിക്കുകയേ ചെയ്യുന്നുള്ളു. മനുഷ്യജീവിതവും അതിലെ വിവിധവ്യാപാരങ്ങളും വിഷയമാക്കി കലാനിർമ്മാണം ചെയ്യു

മ്പോൾ സാഹിത്യത്തിലും കുറെയെല്ലാം തിന്മ കയറിപ്പററും. ഇന്നത്തെപ്പോലെ റിയലിസ്റ്റിക്ക്രീതിയിൽ സാഹിത്യനിർമ്മാണം നടത്തുമ്പോഴത്തെ കഥ പറയാനുമില്ല(1). നന്മ കൊണ്ടുമാത്രം ഒരു ഗ്രന്ഥം നിർമ്മിക്കുക അസാദ്ധ്യമാണ്. നന്മ തിന്മയുമായി അത്രമാത്രം അവിഭക്തമായിട്ടാണു ലോകത്തിൽ കാണപ്പെടുന്നതു്. ഫ്രഞ്ചുനോവലിസ്റ്റായ മോറിയാക്ക് ഈ പരമാൎത്ഥം സമ്മതിച്ചിട്ടുണ്ടു്(2). അതിനാൽ "പെണ്ണെന്നോ പ്രേമമെന്നോ തലയെന്നോ മുലയെന്നോ" ഒക്കെ കേൾക്കുമ്പോഴേ ഓലിയിട്ടിട്ടും മുറവിളികൂട്ടിയിട്ടും കാര്യമില്ല. ഏതു ദുഷിച്ച ഗ്രന്ഥവും വായിച്ചുകൊള്ളാൻ പ്രേരിപ്പിക്കുകയല്ല, യാഥാൎത്ഥ്യങ്ങൾ നിറഞ്ഞ ലോകത്തിൽ ജീവിക്കാൻ മാത്രം വേണ്ട പക്വതയും മനക്കരുത്തും ആർജ്ജിക്കണമെന്നുപദേശിക്കുകയാണു്.

## 3. വിഷയവും വർണ്ണനാരീതിയും

ഒരു കൃതിയിൽ എന്തു വർണ്ണിച്ചിരിക്കുന്നു എന്നതല്ല, എങ്ങനെ വർണ്ണിച്ചിരിക്കുന്നു എന്നതാണു പരിഗണനീയം. ആധുനിക എഴുത്തുകാരനായ ബ്രോണെലിൻെറ വാക്കുകളിൽ പ്പറഞ്ഞാൽ, "ഒരു സാഹിത്യകൃതിയിലെ പ്രതിപാദിതവിഷയമല്ല, അതിനുപിന്നിലുള്ള ചിന്താഗതിയാണു വിമർശനാർഹം"(3). ലോകത്തിലുള്ളതെല്ലാംതന്നെ, സാഹിത്യത്തിലും വർണ്ണിക്കപ്പെടാം. മനുഷ്യനാണു വർണ്ണ്യവസ്തുവെന്നുവെക്കൂ. അവൻ വെറുമൊരു വാനരനല്ല, വാനവനുമല്ല, മാനവനാണ്. മനുഷ്യനിൽ നന്മയുണ്ടു്; തിന്മയുമുണ്ടു്. കാ

---

(1) Cf. M. HAMM, op. cit., p. 88.

(2) Cf. F. MAURIAC, op. cit., p. 59.

(3) W. C. BROWNELL, quoted in *The Pattern of Criticism*, p. 84.

പടുവും കാമാസക്തിയും, അസൂയയും അഹങ്കാരവും, വക്രതയും വഞ്ചനയുമെല്ലാം അവനിലുണ്ടു്; അവയെല്ലാം സാഹിത്യത്തിൻെറ വിഷയങ്ങളുമാകാം.

പാപവർണ്ണന അതിൽത്തന്നെ പാപകരമല്ല. വിശുദ്ധബൈബിളിൽപ്പോലും പാപവർണ്ണനകൾ ഉണ്ടല്ലോ. മഹാകവി ഷേക്സ്പീയറുടെ ഒഥല്ലോവിലും ഹാംലററിലും എത്ര കൊലപാതകങ്ങൾ വർണ്ണിച്ചിരിക്കുന്നു! അതുകൊണ്ടു് ആ കൃതികൾ ധാർമ്മികമായി പരാജയപ്പെട്ടോ? ഇല്ല. ആധുനിക ഇംഗ്ലീഷ്നോവലിസ്റ്റായ ഗ്രഹാംഗ്രീനിൻെറ നോവലുകളിൽ ധാരാളം പാപവർണ്ണനകൾ ഉണ്ടു്. പ്രത്യേകിച്ചു്, ഈയിടെ ഗ്രീൻ എഴുതിയ The End of the Affair എന്ന നോവലിൽ വായനക്കാരെ വീർപ്പുമുട്ടിക്കുവാൻ പോരുന്ന ചില ഭാഗങ്ങളുണ്ടു്. എങ്കിലും, സഹൃദയലോകം അതിനെ ഒരുത്തമ നോവലായിട്ടാണു പരിഗണിക്കുന്നതു്. ശ്രീമാൻ പി. ററി. ചാക്കോയുടെ അഭിപ്രായം ഉദ്ധരണീയമാണു്: "ചീത്തപ്രവൃത്തികൾ ചെയ്യുന്നതാണു് അധാർമ്മികമായിട്ടുള്ളതു്, അവയുടെ വിവരണമോ വർണ്ണനമോ അല്ല. കൊലപാതകം നിഷിദ്ധമാണു്. പക്ഷേ, യഥാർത്ഥത്തിൽ നടന്ന ഒരു കൊലപാതകത്തേയോ ഭാവനയിൽ നടന്ന കൊലപാതകത്തേയോ വണ്ണിക്കുന്നതു് അതിൽത്തന്നെ കുററകരമോ പാപകരമോ അല്ല"(1).

അപ്പോൾ സാഹിത്യഗ്രന്ഥങ്ങളിൽ പാപവർണ്ണനയുണ്ടാകാം. അതു വച്ചുകൊണ്ടുമാത്രം ഒരു ഗ്രന്ഥം അസാന്മാർഗ്ഗികമാണെന്നു സിദ്ധാന്തിച്ചുകൂടാ. സാഹിത്യകാരൻ, പ്രസ്തുതവിഷയങ്ങളെ എങ്ങനെ വീക്ഷിച്ചാവിഷ്ക്കരിക്കുന്നു എന്നതാണു ശ്രദ്ധാർഹം. സർ റോബർട്ടുറേയിനൾഡു പ

---

(1) പി. ററി. ചാക്കോ, ഉദ്ധൃതലേഖനം, തൊഴിലാളിവാരാന്ത്യപ്പതിപ്പു്, 1968, ഡിസംബർ 25.

റയുന്നതുപോലെ, ഏതു വിഷയം സ്വീകരിച്ചിരിക്കുന്നു എന്നതല്ല, ഏതു മനോഭാവത്തിലാണതു സ്വീകരിച്ചിരിക്കുന്നതു് എന്നതാണു ചിന്തനീയം(1). എന്തു് എന്നല്ല, എങ്ങനെ എന്നാണു്.

## 4. പാപവർണ്ണനയുടെ ലക്ഷ്യം

വർണ്ണ്യവസ്തുവിന്റെ അവസാനാപഗ്രഥനത്തിൽ, നന്മയെ കൂടുതൽ വ്യക്തമാക്കാനുപകരിക്കുമെങ്കിലേ തിന്മയുടെ ദീർഘപ്രതിപാദനം അനുവദനീയമാകൂ. നോവലിലും മററും കഥാഗതിയുടെ രഹസ്യംതന്നെ സംഘട്ടനമാകയാൽ തിന്മയ്ക്കു ഭാഗികമായ വിജയങ്ങളെങ്കിലും നല്കുന്നില്ലെങ്കിൽ കഥ മുന്നോട്ടു നീങ്ങുകയില്ല. തിന്മ നന്മയെ ആക്രമിക്കുക, ക്ഷതപ്പെടുത്തുക, താല്ക്കാലികമായി കീഴടക്കുക, ഒക്കെ ആവാം. എന്നാൽ, അവസാനം എപ്പോഴും നന്മതന്നെ അനശ്വരമായി വിരാജിക്കണം.

തിന്മ അനുവദിക്കപ്പെട്ടില്ലെങ്കിൽ ചിലപ്പോൾ നന്മയുടെതന്നെ മഹത്വം മുഴുവൻ ഗ്രഹിക്കാൻ സാധിച്ചെന്നു വരില്ല. ഇരുട്ടുള്ളതുകൊണ്ടാണല്ലോ പ്രകാശത്തിന്റെ മാററു ശരിക്കു മനസ്സിലാകുക. ഉദാഹരണമായി, ദുഷ്ടനായ ഒരു മനുഷ്യൻ, ഗുണവാനായ വേറൊരു മനുഷ്യനെ പീഡിപ്പിക്കുന്ന രംഗം ചിത്രീകൃതമായെന്നു കരുതു. തന്റെ തെററുകൾ മനസ്സിലാക്കിയ ദുഷ്ടൻ ശിഷ്ടന്റെ കാൽക്കൽ വീണു മാപ്പപേക്ഷിക്കുന്ന രംഗമാണു തുടർന്നുവരുന്നതെങ്കിൽ അതെത്ര ആസ്വാദ്യവും ചലനാത്മകവുമായിരിക്കയില്ല. മാത്രമോ? ശിഷ്ടനായ ആ മനുഷ്യന്റെ ഗുണഗണങ്ങൾ പൂർവ്വവൽപ്രദ്യോതമാനമാകുന്നതായും നമുക്കനുഭവപ്പെടും.

---

(1) Cf. National Review, III, No. 16, April 20, 1927, p. 379.

## 5. പാപവർണ്ണനയുടെ പരിധി

സാഹിത്യത്തിൽ പാപവർണ്ണന ആവശ്യവും അനുവദനീയവുമാണെന്നു പറഞ്ഞെന്നുവച്ച്, യാതൊരു നിയന്ത്രണവും അക്കാര്യത്തിലില്ലെന്നു കരുതരുത്. കാരണം, സാഹിത്യകാരനു സമുദായത്തോടു തന്റെ സാഹിത്യകൃതികളുടെ പേരിൽ ഒരു കടമയുണ്ട്. അതവഗണിച്ചു പ്രവർത്തിക്കുക തീർച്ചയായും ശിക്ഷാർഹമാണ്. തന്മൂലം, തിന്മ ചിത്രീകരിക്കുന്നതിലും ഒരു പരിധി വേണം. കാരണം, ആത്മനിയന്ത്രണത്തിന്റെ കാര്യത്തിൽ അനുവാചകർ പലതരക്കാരാണ്. ആദ്യന്തം അശ്ലീലവർണ്ണനകളുള്ള ഒരു ഗ്രന്ഥംതന്നെ തികഞ്ഞ ആത്മനിയന്ത്രണത്തോടെ വായിച്ചുതീർക്കാൻ ചിലർക്കു കഴിഞ്ഞെന്നുവരാം. മററു ചിലർക്കാകട്ടെ, പ്രലോഭിതരാവാതെ അതിന്റെ ഒരുപുറംപോലും വായിച്ചുനോക്കാൻ കഴിഞ്ഞെന്നുവരില്ല. നിയമമിതാണ്: പക്വമതിയായ ഒരു വായനക്കാരനു പാപത്തിനുള്ള പ്രത്യക്ഷപ്രലോഭനഹേതുവാകരുതു തിന്മയുടെ വർണ്ണന.

തിന്മ പാപത്തിനുള്ള പ്രത്യക്ഷപ്രലോഭനഹേതുവാകുന്നതു്, ഗ്രന്ഥകാരന്മാർ കൃതികളിൽ അവശ്യം വേണ്ട മാനസിക ദൂരം (psychic distance—ചിലർ Aesthetic distance എന്നു വിളിക്കുന്നു.) പരിരക്ഷിക്കുന്നതിൽ പരാജയപ്പെടുന്നതുകൊണ്ടാണ്. ജീവിതത്തിലെ ജുഗുപ്സാവഹവും ഹീനവുമായ ചില യാഥാർത്ഥ്യങ്ങളെ യാതൊരു ത്യാജ്യഗ്രാഹ്യവിവേചനയുംകൂടാതെ പെറുക്കിനിരത്തുമ്പോളാണു മാനസിക ദൂരം മരണശ്വാസം വലിക്കുക.

വർണ്ണനയുടെ തീവ്രതയെക്കുറിച്ചാണു നാം പറഞ്ഞുകൊണ്ടിരുന്നതു്. ഒരു കൃതി അശ്ലീലമെന്നു വ്യവഹരിക്കപ്പെടണമെങ്കിൽ അശ്ലീലവിവരണം ഇത്ര വേണമെന്നൊരു കണക്കുണ്ട്. പൊതുധാരണയനുസരിച്ച് ഏതെങ്കിലും ഒരു

ഗ്രന്ഥത്തിലെ ഒരദ്ധ്യായം മുഴുവൻ അശ്ലീലവർണ്ണനയ്ക്കുപയോഗിച്ചെങ്കിലേ ആ ഗ്രന്ഥം അശ്ലീലമാകയുള്ളൂ. അതായതു്, അശ്ലീലം പ്രചരിപ്പിക്കണമെന്ന മനഃപൂർവ്വമായ ഉദ്ദേശത്തോടെ നിർവഹിച്ചതായിരിക്കണം വർണ്ണന എന്നു സാരം. ഈ തോതുവച്ചളക്കുമ്പോൾ മലയാളത്തിൽ അശ്ലീലങ്ങളെന്നു അധിക്ഷേപിക്കപ്പെട്ട പല ഗ്രന്ഥങ്ങളും അങ്ങനെയല്ലെന്നു വരും. എന്നു കരുതി അവ സാന്മാർഗ്ഗികങ്ങളാണെന്നു വരുന്നില്ല. അസാന്മാർഗ്ഗികകൃതികളെല്ലാം അശ്ലീലങ്ങളായിരിക്കണമെന്നില്ല. അസാന്മാർഗ്ഗികത്വത്തിലൊരു വിഭാഗം മാത്രമാണല്ലോ അശ്ലീലം. പൊതുവായിപ്പറഞ്ഞാൽ, കൃതികളുടെ അസാന്മാർഗ്ഗികത, തെററായ ജീവിതവീക്ഷണം വച്ചുപുലത്തുക എന്നതാണ്.

സാഹിത്യത്തിൽ പ്രചരിച്ചുകാണുന്ന വേറൊരസാന്മാർഗ്ഗികതയാണ് ഈശ്വരദൂഷണം. ഈ പാപത്തിൻെറ ഏററവും പൈശാചികമായ രൂപമാണു നിരീശ്വരത്വം (Atheism). എന്നാൽ, ഈശ്വരാപമാനദ്യോതകമായതെന്തും ഈശ്വനിന്ദയോ അപലപനീയമോ അല്ലതന്നെ. നോവൽ, നാടകം മുതലായവയുടെ വർണ്ണനാതന്മയത്വം വർദ്ധിപ്പിക്കുവാൻ അപരിഷ്കൃത (vulgar) ഭാഷണരീതി സഹായകമായതിനാൽ, അതു ഗ്രന്ഥങ്ങളിൽ അനുവദനീയമാണ്. അതുപോലെ ബഹുമാനരഹിതമായി ഈശ്വരനാമം ഉച്ചരിച്ചുപോയി എന്നുവച്ച് അതെപ്പോഴും ഈശ്വരനിന്ദനമാകണമെന്നുമില്ല. ഉദാഹരണത്തിനു്, തൻെറ ശത്രുവിനോട്ട് ഒരാൾ ഇങ്ങനെ പറയുന്നു എന്നിരിക്കട്ടെ. "ഇവനെ പാമ്പുകടിച്ചില്ലെങ്കിൽ ദൈവം ഇല്ലാതെ പോകട്ടെ." ഇതു വസ്തുനിഷ്ഠമായൊരു ഈശ്വരദൂഷണമല്ല(1). വസ്തുനിഷ്ഠമായ ഈശ്വരദൂഷണത്തിനു രണ്ടു വ്യവസ്ഥകൾ നിറവേറേണ്ട

---

(1) Cf. MARCELLINO ZALBA, *Theologiae Moralis Compendium*, p. 609.

തുണ്ട്. (1) ആക്ഷേപസൂചകമെന്നു പ്രകൃതത്തിൽ തോന്നുന്ന പദപ്രയോഗം വസ്തുനിഷ്ഠമായും (objectively) അങ്ങനെയായിരിക്കണം. (2) യഥാർത്ഥത്തിൽ ഈശ്വരനിന്ദനം ചെയ്യുകയാണെന്ന പരിപൂർണ്ണാവബോധം ഗ്രന്ഥകർത്താവിനുണ്ടായിരിക്കണം. പലപ്പോഴും നേരെമറിച്ചായിരിക്കും വസ്തുസ്ഥിതി. വ്യക്തിയുടെ സ്വഭാവരീതിയേയും സാഹചര്യപ്രത്യേകതകളേയും മററും പരിഗണിച്ചുകൊണ്ടുവേണം ഇക്കാര്യത്തിൽ ആധികാരികമായ തീരുമാനമെടുക്കുവാൻ.

## 6. പാപാവബോധപ്രകടനം

ഒരു കൃതിയിൽ പാപം ചിത്രീകൃതമാകുന്നെങ്കിൽ കഥാപാത്രങ്ങളോ ഗ്രന്ഥകാരനെങ്കിലുമോ അതു പാപമാണെന്നു സമ്മതിക്കണം. തെററു തെററല്ലാ ശരിയാണ് എന്നു സ്ഥാപിക്കുവാനുള്ള വെമ്പലാണ് ആധുനികമനുഷ്യൻെറ വിലപനീയവും അക്ഷന്തവ്യവുമായ പ്രത്യേകത. ഈ മനോഭാവമാണ് ഏററവും വലിയ പാപമെന്നു ഗാർഡിനർ പറയുന്നു(1). അങ്ങനെ നോക്കുമ്പോൾ, സന്മാർഗ്ഗദീക്ഷയുടെ ഉരകല്ലാണു നാമിപ്പോൾ ചർച്ചചെയ്യുന്ന നിയമം.

സാഹിത്യരചന ധാർമ്മികമണ്ഡലത്തിനകത്താകയാൽ അതിൽ പാപമില്ലാതിരിക്കുക സ്വാഭാവികമല്ല. മാത്രമല്ല, കാവ്യത്തിൻെറ ജീവൻ സംഘട്ടനമാണെന്നിരിക്കെ, അതിൽ പാപാവബോധം അപരിത്യാജ്യവുമാണ്(2). സാഹിത്യത്തിൽ സന്മാർഗ്ഗം ആവശ്യമില്ലെന്ന രീതിയിൽ ഇന്നു ധാരാളം പേർ എഴുതുന്നുണ്ട്. ചില ഗ്രന്ഥങ്ങൾ പാപത്തിനും പുണ്യത്തിനും തമ്മിൽ യാതൊരു വിവേചനവും പ്രകട

---

(1) Cf. H. C. GARDINER, op. cit., p. 48.

(2) Ibid. p. 48-49. Also VICTOR HAMM, op. cit., p.85.

മാക്കുന്നില്ല. തിന്മ പ്രവർത്തിക്കുന്ന കഥാപാത്രങ്ങളെ അഭിനന്ദിക്കുന്ന ഗ്രന്ഥകാരന്മാരുമുണ്ടു്. വ്യഭിചാരവും മോഷണവും, കൊലപാതകവുമെല്ലാം പുണ്യത്തിന്റെ മൂടുപടമണിഞ്ഞു് ആധുനിക നോവലുകളിൽ പതിവായി പ്രത്യക്ഷപ്പെടുന്നുണ്ടു്. ആധുനിക സാഹിത്യത്തിലെ ഈ വഴിപിഴച്ച പ്രവണതയെ വളർത്തിയതു റിയലിസമാണു്.

## 7. റിയലിസം

തത്വശാസ്ത്രത്തിലെ റിയലിസമല്ല സാഹിത്യത്തിലേതു്. സമഷ്ടികൾ (universals) വ്യഷ്ടികളിൽ (individuals) നിന്നു വ്യതിരിക്തമായും നിരുപാധികമായും സ്ഥിതിചെയ്യുന്നു എന്നു പ്ലേറ്റോയെ തുടർന്നു ചിലർ വാദിച്ചിരുന്നു. ഇവിടെനിന്നാണു തത്വശാസ്ത്രത്തിലെ റിയലിസത്തിന്റെ ഉത്ഭവം. ജീവിതയാഥാർത്ഥ്യങ്ങളെ അപ്പാടെ അവയുടെ വാസ്തവികതയോടും വ്യക്തിസവിശേഷതകളോടുംകൂടെ ഏതാണ്ടു ഫോട്ടോഗ്രാഫിയുടെ തത്വമനുസരിച്ചു കലയിലും സാഹിത്യത്തിലും പകർത്തിക്കാണിക്കണമെന്ന സിദ്ധാന്തമത്രേ കലയിലെ റിയലിസം. ഒരു റിയലിസ്റ്റിനു തന്റെ ഗ്രന്ഥനിർമ്മാണത്തിനാവശ്യമായ അനുഭവസ്വീകരണത്തിന്റെ കാര്യത്തിൽ യാതൊരു ത്യാജ്യഗ്രാഹ്യവിവേചനവുമില്ല. അയാൾ പറയും, "അടപ്പു തുറന്നുവച്ചിരിക്കുന്ന ഒരു ക്യാമറയാണു ഞാൻ. പ്രവർത്തനനിരതനായും ചിന്താഹീനനായും വെറുതെ റെക്കോർഡുചെയ്യുന്ന ഒരു ക്യാമറ. അടുത്ത ജനലയ്ക്കൽ ഷേവുചെയ്തുകൊണ്ടു നില്ക്കുന്ന പുരുഷനേയും ദേഹത്തു മേൽവസ്ത്രമണിഞ്ഞു തന്റെ കേശഭരം വൃത്തിയാക്കിക്കൊണ്ടിരിക്കുന്ന സ്ത്രീയേയും റെക്കോർഡുചെയ്യുകയാണു്

ഏൻെറ ജോലി. ഒരു ദിവസം ഇതെല്ലാം വലുതാക്കി ശ്രദ്ധാപൂൎവ്വം ക്രമീകരിച്ച്, പ്രിൻറുചെയ്യുകയും വേണം"(1).

പക്ഷേ, റിയലിസം വളൎന്നുവളൎന്നു നാച്ചുറലിസത്തിൽച്ചെന്നു കൊടിനാട്ടി. ഇരുപതാംനൂററാണ്ടിൻെറ പൊൻപുലരിയിൽ ഫ്രാൻസിലെ വൻതെരുവുകളിലൊന്നിൽ പിറന്നുവീണ ഈ സാഹിത്യശിശുവിൻെറ തലതൊട്ടപ്പൻ എമിലിസോള (1840-1902) യാണ്. ഇതിൻെറ വിശ്വാസപ്രമാണത്തിൻെറ പ്രധാന വകുപ്പുകൾ മൂന്നാണെന്ന് ആധുനിക സാഹിത്യകാരനായ മി. ഹാരിഹാർറുവിക്ക് (Mr. Harry Hartwick) പറയുന്നു. (1) ഈശ്വരനിൽനിന്നുള്ള അസ്തിത്വമോ പരിപാലനയോകൂടാതെ സ്വയം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രമാണു പ്രകൃതി. (2) ശക്തരെ പ്രബലപ്പെടുത്തുകയും, അശക്തരെ ഉന്മൂലനം ചെയ്യുകയുമാണീ യന്ത്രത്തിൻെറ സ്വഭാവം. (3) ഇതിനു മനുഷ്യൻെറ സന്മാൎഗ്ഗജീവിതത്തോടു യാതൊരനുഭാവവുമില്ല. ഇതിൻെറ ഉപവകുപ്പുകൾ അസംഖ്യങ്ങളാണ്. മൃഗീയവാസനകളാൽ ഭരിക്കപ്പെടുന്ന വെറുമൊരു മൃഗമാണു മനുഷ്യൻ. മനുഷ്യമനസ്സെന്നു പറയുന്നതു മൃഗീയപ്രവണതകളുടെ ഒരു പ്രതിദ്ധ്വനിമാത്രം. കുറേ ഞരമ്പുകളുടേയും രക്തക്കുഴലുകളുടേയും ദുൎഗന്ധവാഹിയായ അഴുക്കുമാറാപ്പാണവൻ. യാദൃച്ഛികതയുടെ ഭാഗ്യസാഗരത്തിൽ പൊന്തിവന്ന ഒരു നീൎക്കുമിളയാണു മനുഷ്യൻ. ശൂന്യതയാണ് അതിൽ നിറഞ്ഞുനില്ക്കുക.

പൊട്ടുന്നനവേ കാററത്തു പറന്നുവീണതല്ലീ പ്രമാദം പിണഞ്ഞ ജല്പനങ്ങൾ. ഡാർവിൻ, സ്പെൻസർ എന്ന രണ്ടു ജീവശാസ്ത്രജ്ഞന്മാരാണ് ഈ ചിന്താഗതികൾക്കു ചരടുപി

---

(1) CHRISTOPHER ISHERWOOD, *A Berlin Diary*, quoted in "A Treatise on the Novel", p. 33,

ടിച്ചതു്. വാലുപോയ വാനരനാണു മനുഷ്യനെന്നും വാലില്ലാത്ത ഒരു മൂത്ത "കുരങ്ങച്ച"നാണു മനുഷ്യവർഗ്ഗം മുഴുവന്റേയും പൂർവ്വപിതാവെന്നും വ്യക്തമായി ലോകത്തോടു വിളിച്ചുപറഞ്ഞതു ഡാർവിനാണ്. മനുഷ്യനെന്നു പറഞ്ഞാൽ ഒരു ബക്കററു വെള്ളവും കുറേ ലവണങ്ങളുമാണെന്നു ബാലൻസുഷീററു തയ്യാറാക്കി വേറൊരു കൂട്ടർ. തീർന്നില്ല. വിചിത്രങ്ങളായ മാനസികാപഗ്രഥനങ്ങളുമായി വേറെ പലരും മുമ്പോട്ടു വന്നു. അബോധസുബോധോപബോധമാനസികമണ്ഡലങ്ങളുടെ മറപിടിച്ചു്, സൈക്കോസിസിന്റേയും ന്യൂറോസിസിന്റേയും മാന്ത്രികസഞ്ചികളഴിച്ചുവച്ചു്, ജാലവിദ്യകൾകൊണ്ടു ലോകരെ മയക്കിക്കളഞ്ഞ ഫ്രോയിഡ് വിളിച്ചുപറഞ്ഞു: "പാവം, മനുഷ്യൻ—ദുശ്ശമമായ ലൈംഗികവാസനകളുടെ ഒരു ശൂന്യബലൂണാണവൻ. മൃഗത്തിന്റേതിനേക്കാൾ ദയനീയമാണവന്റെ ജീവിതം." സാഹിത്യത്തിലാണു് ഈ പ്രത്യയശാസ്ത്രം ഭയാനകമായ അനുരണനമുണ്ടാക്കിയതു്. ഇബ്സൺ, ഷാ, ആന്ദ്രേജിദ് ഡി. എച്ച്. ലോറൻസ്, ഹെമിങ്ങ്വേ, സ്റ്റീൻബക്ക്, ഒഹാരാ തുടങ്ങിയവർ ഇതിൽനിന്നു പ്രചോദനം കൈക്കൊണ്ടു തൂലിക ചലിപ്പിച്ചവരിൽ ചിലരാണു്.

നാച്ചുറലിസത്തിന്റെ അവശ്യം ചർച്ചചെയ്യപ്പെടേണ്ട പല വശങ്ങൾ ഇനിയുമുണ്ടു്. അവയേക്കാളധികമുണ്ട് അതിൽ എടുത്തുകാണിക്കേണ്ട ന്യൂനതകൾ. സ്ഥലപരിമിതിനിമിത്തം അതെല്ലാം ഉപേക്ഷിക്കുകയാണു്. പ്രകൃതത്തിൽ പ്രസ്താവ്യമായ ഒരു ന്യൂനതമാത്രം എടുത്തുകാണിക്കാം. നാച്ചുറലിസം മനുഷ്യന്റെ വില ഇടിച്ചു് അവനെ മൃഗതുല്യനാക്കിയതിനാൽ പാപാവബോധം അവനിൽനിന്നു പമ്പകടന്നു എന്നതാണാ ന്യൂനത. നന്മയ്ക്കും തിന്മയ്ക്കും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ടെങ്കിലല്ലേ പാപാവബോധമോ സാന്മാർഗ്ഗികപരിഗണനയോ സാദ്ധ്യമാകൂ. മനുഷ്യനു

മൃഗത്തേക്കാൾ ഉപരിയായ മഹത്വങ്ങളൊന്നുമില്ലെങ്കിൽ, സ്വാതന്ത്ര്യമനസ്സോ സ്വകീയപ്രവൃത്തികളുടെമേൽ ഉത്തരവാദിത്വമോ സന്മാർഗ്ഗദീക്ഷയോ ഉണ്ടാകാൻ തരമില്ലല്ലോ. ഇവ അംഗീകരിക്കാത്തിടത്തോളംകാലം, സാഹിത്യത്തിൽ സന്മാർഗ്ഗത്തിനു പ്രവേശനമുണ്ടാകുകയില്ല. അതിനാൽ നാച്വറലിസ്റ്റിക്ക് റീയലിസ്സത്തിനു സാഹിത്യത്തിൽ സ്ഥാനമില്ല. അതൊരു സാഹിത്യസരണിയല്ല, സാഹിത്യാഭാസമാണു്. റീയലിസത്തിനു സാഹിത്യത്തിൽ സ്ഥാനമേ ഇല്ലെന്നിവിടെ വിവക്ഷയില്ല. ജീവിതപ്രതിഫലനമായ സാഹിത്യത്തിൽ റീയലിസം അനുപേക്ഷണീയമാണു്. സാഹിത്യത്തിൽ അനുവദനീയമായ റീയലിസം ഐഡിയലൈസ്ഡ് റീയലിസമാണു്. മാരിറെറയിന്റെ വാക്കിൽപ്പറഞ്ഞാൽ, അതീതറീയലിസം(1) (Transcendental realism). ഗ്രന്ഥനിർമ്മാണത്തിന് ആവശ്യമുള്ളിടത്തോളം റീയലിസം മാത്രം സ്വീകരിക്കുന്നതിലാണതിന്റെ വിജയം അടങ്ങിയിരിക്കുക. അങ്ങനെയുള്ള കൃതികളിൽ പാപാവബോധം—പാപം ഈശ്വരനെതിരായ പ്രവൃത്തി ആണെന്ന ബോധം—ഉണ്ടായിരിക്കും(2). അതുണ്ടായാൽ കൃതി സാന്മാർഗ്ഗികമായിക്കഴിഞ്ഞു.

---

(1) Cf. J. MARITAIN, *Art & Scholasticism.* p. 96.

(2) Cf. H. C. GARDINER, op. cit., p. p. 82, 83.

# ഗ്രന്ഥസമീക്ഷ

## 1) മതവും മൗലികസത്യങ്ങളും

(നാലു ഭാഗങ്ങൾ)

ഗ്രന്ഥകർത്താക്കൾ:

**ആൻറണി താന്നിക്കൽ etc.**

പ്രസാധകർ:

**എസ്. എച്ച്. ലീഗ്,**

**ആലുവാ നോർത്ത്**

സത്യത്തിലേയ്ക്കുള്ള മനുഷ്യബുദ്ധിയുടെ തീർത്ഥയാത്രയാണ ചിന്ത. കത്തിക്കാളുന്ന അവേശമുണ്ടെങ്കിലും സത്യത്തിന്റെ സങ്കേതത്തിലേയ്ക്കു് ഓടിയങ്ങു കയറുവാൻ മനുഷ്യബുദ്ധിക്കു കഴിയുന്നില്ല; കഴിയുകയുമില്ല. കാരണം, അതു് അവശ്യം പരിമിതമാണ്. സീമിതനായ മനുഷ്യന്റെ വിജ്ഞാനമണ്ഡലത്തിലേയ്ക്കാണ്, സത്യത്തിന്റെ സങ്കേതമായ, സത്യംതന്നെയായ ദൈവം ആവിഷ്ക്കരണവുമായി കനിഞ്ഞിറങ്ങിവന്നതു്. പക്ഷേ, ആ വരവിനും ആവിഷ്ക്കരണത്തിനുമെല്ലാമുണ്ടു് ഒരു പ്രത്യേകത. അതിതാണ്: അവിടുന്നു കനിഞ്ഞു നൽകുന്ന വെളിച്ചമുണ്ടെങ്കിലേ, ആ സത്യത്തെ സമീപിക്കാനാവൂ, അവിടുന്നാവിഷ്ക്കരിച്ച സത്യങ്ങളെ പുല്കാനാവൂ. ആ വെളിച്ചമാണു വിശ്വാസം. അങ്ങനെ, വിശ്വാസവും വിശ്വാസത്തിലൂടെമാത്രം നാം മനു

സ്സിലാക്കുന്ന ആവിഷ്കൃതസത്യങ്ങളും മനുഷ്യവിജ്ഞാനമണ്ഡലത്തിന്റെ പരിധികളെ വിസ്തൃതമാക്കുകയാണ്.

വിശ്വാസത്തിന്റെ വെളിച്ചത്തിൽ ആവിഷ്കൃതസത്യങ്ങളെ യുക്തിയുക്തമായും ശാസ്ത്രീയമായും വിശകലനം ചെയ്യുകയും അവതരിപ്പിക്കുകയും ചെയ്യുമ്പോൾ ദൈവശാസ്ത്രമായി.

അവശ്യം വളരേണ്ട ഒരു ശാസ്ത്രശാഖയാണു ദൈവശാസ്ത്രം. അതിന്റെ ഉദ്ഗതിക്കു പരിധി നിർണ്ണയിക്കാനാവില്ല. കാരണം, സത്യത്തിന്റെ നികേതനമായ ദൈവത്തെ ചൂഴ്ന്നാണതു നിലകൊള്ളുക.

ദൈവശാസ്ത്രഗ്രന്ഥങ്ങളെ സംബന്ധിച്ച തീർത്തും ദരിദ്രയാണു നമ്മുടെ മലയാള ഭാഷ. ആവിഷ്കൃതസത്യങ്ങളുടെ അഗാധതയിലേക്ക് അന്തർനേത്രങ്ങളയക്കാൻ തക്ക ബുദ്ധിവൈഭവമുള്ളവർ ഇന്നുവരെ മലയാളത്തിൽ ഉണ്ടായില്ലെന്നതോ പോകട്ടെ; ആധികാരിക ദൈവശാസ്ത്രഗ്രന്ഥമെന്ന് എടുത്തുകാട്ടാൻ കൊള്ളാവുന്ന ഒരൊററ കൃതിയെങ്കിലും മലയാളത്തിൽ പ്രസിദ്ധീകൃതമായിട്ടേയില്ല. വലിയൊരു പോരായ്മയായിരുന്നു മലയാളത്തിനിതു്. ഇതിനു് ഏതാണ്ടൊരു പരിഹാരമാണു് എസ്. എച്ച്. ലീഗു പ്രസിദ്ധപ്പെടുത്തുന്ന "മതവും മൗലികസത്യങ്ങളും" എന്ന ഗ്രന്ഥപരമ്പര.

മതാദ്ധ്യാപകർക്ക് വിശിഷ്യ ഉപകാരപ്രദമാണു്, ഈ ഗ്രന്ഥം. ഇക്കാര്യത്തിൽ, ഇന്നത്തെ കേരളകത്തോലിക്കരുടെ ആവശ്യങ്ങളെ ഒട്ടൊക്കെ ഇതു പരിഹരിക്കും, തീർച്ച. ഉയർന്നുവരുന്ന വിദ്യാഭ്യാസനിലവാരത്തിൽ, മതപരവും സഭാസംബന്ധവുമായ കാര്യങ്ങളെപ്പററിയുള്ള കുറെ വിവരങ്ങൾ തികച്ചും അപര്യാപ്തമാണു്. ഇന്നു ശാസ്ത്രീയമായ മതപ്രബോധനമാണു നമുക്കാവശ്യം. അതിനീ ഗ്രന്ഥം വളരെയേറെ സഹായകമാണു്, സംശയമില്ല.

പോരെങ്കിൽ മലയാളത്തിൽ അവിടെയുമിവിടെയുമൊക്കെ ചില പഴഞ്ചൻ റാഷണലിസ്ററു വാദഗതികൾ കൊട്ടും വാദ്യവുമായി പ്രത്യക്ഷപ്പെടുന്നുമുണ്ടു്. റാഷണലിസ്ററുകളുടെ ക്രിസ്തുമതവിരുദ്ധവാദങ്ങൾ അമ്പേ തുത്തെറിയപ്പെട്ടതാണു വൈജ്ഞാനികമണ്ഡലത്തിൽനിന്നു്. എങ്കിലും കേരളത്തിലെ ചില എഴുത്തുകാർ അവയൊക്കെ, അതിഗഹനങ്ങളായ ചിന്താപദ്ധതികളായി അർപ്പും കുരവയുമിട്ടു് അവതരിപ്പിക്കാറുണ്ടു്. ചിലരെങ്കിലും ഇതൊക്കെക്കണ്ടു് അമ്പരന്നേക്കാനുമിടയുണ്ടു്. ഇത്തരുണത്തിൽ ഏററവുമാവശ്യം ക്രിസ്തുമതതത്വങ്ങളുടെ ശാസ്ത്രീയമായൊരു സമർത്ഥനമാണു്. അതാണു് ഈ ഗ്രന്ഥം.

ഉന്നതകലാലയവിദ്യാർത്ഥികൾക്കും അവിടം കഴിഞ്ഞിറങ്ങുന്നവർക്കും ചിലപ്പോഴെങ്കിലും നേരിടേണ്ടിവന്നേക്കാവുന്ന ഒരു പ്രശ്നമുണ്ടു്: തങ്ങൾ വിശ്വസിക്കുന്ന സത്യസംഹിതകൾ ഈ ശാസ്ത്രീയയുഗത്തിൽ, വെട്ടിത്തുറന്നെല്ലാവരുടേയും മുമ്പിലങ്ങു പ്രകാശിപ്പിക്കാവുന്നതോ? മനസ്സിരുത്തി "മതവും മൗലികസത്യങ്ങളും" ഒന്നല്ല, ഒരു രണ്ടുമൂന്നാവർത്തി വായിക്കുകയേ വേണ്ടൂ, തങ്ങളുടെ വിശ്വാസസംഹിതകളെക്കുറിച്ചു് ഏതാണ്ടൊരഭിമാനപൂർവ്വകമായ അവബോധം അവർക്കുണ്ടാകും.

നാലു ഭാഗങ്ങളായിട്ടാണു് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുക. രണ്ടാംഭാഗത്തെ വീണ്ടും A, B എന്നു രണ്ടു് ഉപഭാഗങ്ങളായി തിരിച്ചിട്ടുണ്ടു്. ഒന്നും മൂന്നും ഭാഗങ്ങളും രണ്ടാംഭാഗത്തിന്റെ A വിഭാഗവും ഇതിനകം പുറത്തായിക്കഴിഞ്ഞു.

ഒന്നാംഭാഗത്തിന്റെ ഉള്ളടക്കം മതം, ഈശ്വരാവിഷ്ക്കരണമൂലങ്ങൾ, ആവിഷ്കൃതമതം, തിരുസ്സഭ ഇവയാണു്. ദൈവാസ്തിത്വം, ദൈവലക്ഷണങ്ങൾ, ത്രിത്വം ഇവയാണു് 2 A-യിലെ ചർച്ചാവിഷയം. 2 B-യിൽ വിശ്വോല്പത്തി,

മനുഷ്യോല്പത്തി, മനുഷ്യന്റെ അധഃപതനം, ഉദ്ധാരണം മുതലായവയാണു പ്രതിപാദിക്കുക. ക്രിസ്തു, മറിയം, വരപ്രസാദം—മൂന്നാംഭാഗത്തിലെ വിഷയങ്ങൾ. കൂദാശകളും മനുഷ്യന്റെ അന്ത്യങ്ങളുമാണു നാലാംഭാഗത്തിന്റെ ഉള്ളടക്കം.

സാധാരണക്കാരനുവേണ്ടി എഴുതിയിട്ടുള്ളതാണ് ഈ ഗ്രന്ഥം. അക്കാരണത്താൽത്തന്നെ ഇതിലെ ഭാഷ ലളിതമാക്കാൻ ഗ്രന്ഥകർത്താക്കൾ ഉററുശ്രമിച്ചിട്ടുണ്ട്. കത്തോലിക്കാദൈവശാസ്ത്രത്തിൽ അവഗാഹം സിദ്ധിച്ചവർക്കുപോലും പ്രശ്നങ്ങളുയർത്തുന്ന ദൈവശാസ്ത്രസാങ്കേതികശബ്ദങ്ങളെ ഇത്ര സമർത്ഥമായി ഭാഷാന്തരംചെയ്യാൻ കഴിഞ്ഞതു വലിയൊരു വിജയമാണ്.

ഈ ഗ്രന്ഥത്തിന്റെ വലിയൊരു പ്രത്യേകത, അവതാരാവിഷ്കാരണാദികളെപ്പററിയുള്ള ഹൈന്ദവവീക്ഷണങ്ങൾ ചർച്ചചെയ്തിട്ടുണ്ടെന്നതാണ്. ഹൈന്ദവമായൊരന്തരീക്ഷത്തിൽ ജീവിക്കുന്ന മലയാള കത്തോലിക്കന് ഹിന്ദുമതസിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിലായാൽ, ക്രൈസ്തവതത്വങ്ങളുടെ മേന്മയുമാസ്വാദ്യതയും സുതരാം വ്യക്തമാകും.

ഒന്നു തീർത്തുപറയാം. എല്ലാ ഇടവകകളിലും അവശ്യമുണ്ടായിരിക്കണം ഈ ഗ്രന്ഥപരമ്പര. മതപ്രബോധനത്തിന് ഏററവും പററിയ ആധാരഗ്രന്ഥമാണിത്. അതിനുപയുക്തമാകുമാറാണ്, ഇതിന്റെ ഘടനയും ക്രമീകരണവും. മലയാളത്തിലേ എല്ലാ അഭ്യസ്തവിദ്യരുടെയും കരങ്ങളിൽ ഇത് എത്തപ്പെടണം. മററു പരിഹാരമില്ലാത്ത ഒരാവശ്യമാണത്.

ജി. കെ.

## 2) മരിയസഖ്യസഖി

**ഫാ. മാത്യു മങ്കുഴിക്കരി**

സെ. മാർട്ടിൻ പോറസ് പ്രസ്

അങ്കമാലി.

‘മരിയൻ സൊഡാലിററിയുടെ നാലാം ശതാബ്ദ ജൂബിലി സ്മാരക’മാണിച്ചെറുകൃതി. സൊഡാലിററിയംഗങ്ങളുടെ ഔദ്യോഗികപ്രാർത്ഥനയാണല്ലോ അമലോത്ഭവമാതാവിന്റെ ചെറിയ ഒപ്പീസ്. ശ്ലേമോന്റെ സിംഹാസനം, സാംസന്റെ തേൻകൂട്, ഗെദയോന്റെ ആട്ടിൻരോമം, അജയ്യയായ യൂദിത്ത്, പ്രഭാതതാരം, പ്രസാദവരപൂർണ്ണ തുടങ്ങി പഴയനിയമപ്രഖ്യാതങ്ങളായ ഒട്ടേറെ വസ്തുതകളുടെ സൂചനകൾ ഇതിലുണ്ട്. അർത്ഥം മനസ്സിലാക്കാതെയാവും പലരും മാതാവിനെ ഇങ്ങനെ സംബോധന ചെയ്യുക. അവരീ പുസ്തകമൊന്നു വായിക്കട്ടെ. ഇതിൽക്കാണാം, സവയുടെ സമർത്ഥവും സമഗ്രവുമായ വിശദീകരണങ്ങൾ. ഹൃദയത്തിന്റെ അവ്യക്തതലങ്ങളിൽപ്പോലും ചലനങ്ങൾ സൃഷ്ടിക്കാൻപോരുന്ന ആ ഭാഷയില്ലേ, ധ്യാനപ്രസംഗത്തിൽ കേട്ടിട്ടുള്ള ശാലീനമായ ആ ഭാഷ, അതാണീ ഗ്രന്ഥത്തെ ആദ്യന്തമലങ്കരിക്കുന്നതു്. ശീർഷകം കണ്ടു വിരസമെന്നു വിധിയെഴുതുന്നവർപോലും വായിച്ചുതുടങ്ങിയാൽ അവസാനപ്പുറവും തീർത്തേ പുസ്തകമടക്കൂ. ‘ഒപ്പീസി’ന്റെ മഹത്വം ശരിയായറിയുന്നതിനും പൂർവ്വവൽ തീക്ഷ്ണതയോടെ അതു ചൊല്ലുന്നതിനും മരിയഭക്തർക്കിതു സംപ്രേരകമാകും.

ജെ. എൽ.

10337
ACHARYA PALACKAL JEEVASSKENDRAM
LIBRARY

**Nihil obstat:**

FR. MICHAEL ANGELUS, O. C. D.,
*Rector, Pontifical Seminary,*

*Alwaye. 1—7—1964.*

**Imprimatur:**

† JOSEPH ATTIPETTY,
*Archbishop of Verapoly.*
† JOSEPH PARECATTIL,
*Archbishop of Ernakulam.*

*Ernakulam, 10—7—1964.*

---

**Edited by Rev. Fr. Victor, O. C. D.**
**Printed by Br. C. F. Joseph at the J. M. Press, Alwaye and published by him, for the S. H. League, at the St. Joseph's Seminary, Alwaye North [illegible] S. India]**

Reg. No. K. 72

S. H. LEAGUE Lic. No. 227

## സദയം ശ്രദ്ധിക്കണേ!

1. വരിസംഖ്യ ഇനിയും അയച്ചുതരാത്തവർ കഴിയുന്നതും വേഗം അയച്ചുതന്നു സഹായിക്കണമെന്നു് അഭ്യത്ഥിക്കുന്നു.

2. കൂടുതൽ കുടിശ്ശികയുള്ളവക്കു് ഈ ലക്കത്തോടൊത്തു് ഓരോ എഴുത്തും അയക്കുന്നുണ്ടു്. അതു കിട്ടിയാലുടനേതന്നെ പണം അയച്ചുതന്നു മാസികയുടെ പ്രവത്തനത്തെ സഹായിക്കണമേ.

3. കുടിശ്ശിക തീക്കാൻ കൂട്ടാക്കാത്തവക്കു തുടന്നു മാസിക അയയ്ക്കുവാൻ സാധ്യമല്ലെന്ന കാര്യം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

സെക്രട്ടറി

# സാഹിത്യവും സന്മാർഗ്ഗവും

ടി. ഒ. പി. മേവണ്ണൂർ

S.H.L

എസ്. എച്ച്. ലീഗ്